2025JANUARY
04
SATURDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




# ചൈനയിൽ വീണ്ടും വൈറസ് വ്യാപനം: ആശങ്ക വേണ്ടെന്ന് ആരോഗ്യമന്ത്രാലയം

**ന്യൂഡൽഹി/ബെയ്ജിങ്:** ഹ്യൂമൻ മെറ്റന്യൂമോവൈറസ് (എച്ച്എംപിവി) ചൈനയിൽ പടരുന്നതായുള്ള വാർത്തകളും സാഹചര്യങ്ങളും നിരീക്ഷിച്ചു വരികയാണെന്ന് കേന്ദ്ര ആരോഗ്യ മന്ത്രാലയം. രാജ്യത്തെ പകർച്ചവ്യാധികളുടെ വ്യാപനം സംബന്ധിച്ച് സൂക്ഷ്മമായ നിരീക്ഷണം നടത്തിവരികയാണെന്ന് കേന്ദ്ര ആരോഗ്യവകുപ്പ് ഡയറക്ടർ അറിയിച്ചു.

ശ്വാസകോശ അണുബാധ വലിയ അളവിൽ പെരുകുന്നതായി 2024 ഡിസംബറിൽ ഒരിടത്തും റിപ്പോർട്ട് ചെയ്തിട്ടില്ല. ആശങ്കപ്പെടേണ്ട സാഹചര്യമില്ല. തണുപ്പു കാലത്ത് ശ്വാസകോശ അണുബാധ സാധാരണമാണ്. ഇത്തരം അണുബാധകൾക്കെതിരെ മുൻകരുതൽ എടുക്കണം. ചുമയോ പനിയോ ഉള്ളവർ മറ്റുള്ളവരുമായി അടുത്തിടപഴകുന്നത് ഒഴിവാക്കണമെന്നും ആരോഗ്യമന്ത്രാലയം നിർദേശിച്ചു.



വൈറസ് പടരുന്നതായുള്ള റിപ്പോർട്ടുകൾ ചൈന നിഷേധിച്ചു. മുൻവർഷത്തെ അപേക്ഷിച്ച് ശ്വാസകോശ അണുബാധ കുറവാണെന്നും അധികൃതർ അവകാശപ്പെട്ടു. ചൈനയിലേക്ക് യാത്ര ചെയ്യാൻ ആശങ്കപ്പെടേണ്ടതില്ലെന്നും അധികൃതർ വ്യക്തമാക്കി.

ചൈനയിൽ രോഗബാധ വർധിക്കുന്നതായി വാർത്താ ഏജൻസികളാണ് റിപ്പോർട്ട് ചെയ്തത്. ചൈനയിൽ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചെന്ന് സമൂഹമാധ്യമങ്ങളിൽ പ്രചാരണമുണ്ടായെങ്കിലും അധികൃതർ ഇക്കാര്യത്തിൽ പ്രതികരിച്ചിട്ടില്ല. ഇൻഫ്ലുവൻസ എ, മൈകോപ്ലാസ്മ ന്യുമോണിയ, കോവിഡ് തുടങ്ങിയവയും പടർന്നു പിടിക്കുന്നതായി സമൂഹമാധ്യമങ്ങളിൽ പ്രചരിക്കുന്നുണ്ട്. കുട്ടികളെയും പ്രായമുള്ളവരെയുമാണ് ഈ വൈറസ് കാര്യമായി ബാധിക്കുന്നതെന്നാണ് വിവരം. ഫ്ലൂ ആയോ ചുമ, ജലദോഷം, പനി, തുമ്മൽ എന്നിങ്ങനെയോ ആദ്യം ശരീരത്തിൽ കയറുന്ന വൈറസ് രോഗപ്രതിരോധശേഷി കുറവുള്ളവരിൽ പിന്നീട് ബ്രോങ്കൈറ്റിസ്, ന്യുമോണിയ എന്നിവയിലേക്കു കടക്കുമെന്നാണ് ആരോഗ്യമേഖലയിലുള്ളവർ പറയുന്നത്.






## സംസ്ഥാന സ്കൂൾ കലോത്സവത്തിന് ഇന്ന് അരങ്ങ് ഉണരും

**തിരുവനന്തപുരം:** 63ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിന് ഇന്ന് കൊടിയേറും. രാവിലെ ഒന്പതിന് സെൻട്രൽ സ്റ്റേഡിയത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ എസ്. ഷാനവാസ് പതാക ഉയർത്തും.

തുടർന്ന് മുഖ്യമന്ത്രി  കൽവിളക്കിൽ തിരിതെളിച്ച് ഔദ്യോഗിക ഉദ്ഘാടനം നിർവഹിക്കും. 44 വിദ്യാർഥികൾ പങ്കെടുക്കുന്ന നൃത്തശിൽപത്തോടെയാണ് ചടങ്ങുകൾ തുടങ്ങുക.

ഉരുൾപൊട്ടലിൽ തകർന്ന വയനാട് വെള്ളാർമല സ്കൂളിലെ വിദ്യാർഥികളുടെ നൃത്തവും ഉദ്ഘാടന ചടങ്ങിൽ അരങ്ങേറും. 25 വേദികളിലായി 249 മത്സരയിനങ്ങളിൽ പതിനയ്യായിരത്തിലേറെ വിദ്യാർഥികളാണ് പങ്കെടുക്കുന്നത്.

ഹയർ സെക്കൻഡറി വിഭാഗം പെൺകുട്ടികളുടെ സംഘനൃത്തവും, ഒപ്പനയും, ഹൈസ്കൂൾ വിഭാഗം പെൺകുട്ടികളുടെ മാർഗംകളിയും ആദ്യദിനം തന്നെ വേദിയിലെത്തും.




## തിരുവനന്തപുരം,കാസർകോട് വന്ദേഭാരത്: 20 കോച്ചുള്ള പുതിയ റേക്ക് എത്തി

**തിരുവനന്തപുരം:** തിരുവനന്തപുരം, കാസർകോട് വന്ദേഭാരതിനുള്ള 20 കോച്ചുള്ള പുതിയ റേക്ക് കേരളത്തിലെത്തി. ഓറഞ്ച് നിറത്തിലുള്ള റേക്കാണ് ലഭിച്ചിരിക്കുന്നത്. പുതിയ റേക്ക് ഉപയോഗിച്ചുള്ള തിരുവനന്തപുരം,കാസർകോട് സർവീസ് ഏതാനും ദിവസങ്ങൾക്കുള്ളിൽ ആരംഭിക്കും.

20 കോച്ചുകളിലായി 1440 പേർക്കു സഞ്ചരിക്കാൻ കഴിയും. 16 കോച്ചുകളുള്ള ട്രെയിനിൽ 1128 സീറ്റുകളാണ് ഉണ്ടായിരുന്നത്. 18 ചെയർ കാർ കോച്ചുകളും 2 എക്സിക്യൂട്ടീവ് ക്ലാസ് കോച്ചുകളുമാണു 20 കോച്ച് ട്രെയിനുകളിൽ നിലവിലുള്ളത്. കാസർകോട്,തിരുവനന്തപുരം വന്ദേഭാരതിലും ഇതേ കോച്ച് ക്രമത്തിനാണു സാധ്യത.

ഒഴിവാക്കുന്ന 16 കോച്ചുകളുള്ള ട്രെയിൻ ആലപ്പുഴ വഴിയുള്ള തിരുവനന്തപുരം,മംഗളൂരു സർവീസിന് ഉപയോഗിക്കണമെന്ന ആവശ്യം ശക്തമാണ്. ഇപ്പോൾ ഈ ട്രെയിനിൽ 8 കോച്ചുകളാണുള്ളത്.



# വയോസാന്ത്വനം പദ്ധതി: അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** സംരക്ഷിക്കാനാരും ഇല്ലാത്തവരും കിടപ്പ് രോഗികളുമായ വയോജനങ്ങൾക്ക് സ്ഥാപനതല സംരക്ഷണം ഉറപ്പ് വരുത്തുന്നതിന് സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന 'വയോസാന്ത്വനം' പദ്ധതിയുടെ ഭാഗമായി കിടപ്പ് രോഗികളായ വയോജനങ്ങൾക്ക് സംരക്ഷണം നൽകാൻ തയ്യാറുള്ള സന്നദ്ധ സംഘടനകൾക്ക് 'വയോസാന്ത്വനം' പദ്ധതിയിലൂടെ സർക്കാർ ഗ്രാന്റ് അനുവദിക്കും. സംസ്ഥാന വ്യാപകമായി ഓരോ ജില്ലയിലും ഒരു സ്ഥാപനം വീതം ആരംഭിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. താമസക്കാരിൽ നിന്നോ ബന്ധുക്കളിൽ നിന്നോ യാതൊരു വിധ ഫീസും ഈടാക്കാതെ പദ്ധതി നടത്തണം. പദ്ധതി നടത്തിപ്പിലേക്ക് ആവശ്യമായ മനുഷ്യ വിഭവശേഷിയുടെയും, ദൈനംദിന ചെലവുകളുടേയും 80 ശതമാനം തുക സർക്കാർ ഗ്രാന്റായി അനുവദിക്കും. ബാക്കി 20 ശതമാനം തുക എൻ.ജി.ഒ വഹിക്കണം. സർക്കാരിൽ നിന്നും മറ്റ് ഗ്രാന്റുകളോ ആനുകുല്യങ്ങളോ ലഭ്യമാകാത്ത എൻ.ജി.ഒകളെയാണ് പദ്ധതിയിൽ പരിഗണിക്കുന്നത്. 25 കിടപ്പ് രോഗികളെ സംരക്ഷിക്കാനുള്ള പദ്ധതി ഏറ്റെടുത്ത് നടത്താൻ താൽപര്യമുള്ള സന്നദ്ധസംഘടനകൾക്ക് അപേക്ഷിക്കാം.

പദ്ധതി സംബന്ധിച്ച വിശദാംശം www.sjd.kerala.gov.in ൽ ലഭ്യമാണ്. അപേക്ഷയും അനുബന്ധ രേഖകളും ജനുവരി 18നകം ബന്ധപെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് (2 പകർപ്പ്) സമർപ്പിക്കണം.

## ഇന്റർ സ്കൂൾ പ്രസംഗ മത്സരം

**കൊച്ചി:** എറണാകുളം വൈ.എം.സി.എ.യുടെ ആഭിമുഖ്യത്തിൽ ജില്ലാ ഇന്റർ സ്കൂൾ പ്രസംഗ മത്സരം ജനുവരി 15)0 തീയ്യതി എറണാകുളം വൈ.എം.സി.എ.യിൽ നടത്തപ്പെടും. 8 9 ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് പങ്കെടുക്കാം. ഒരു സ്കൂളിൽ നിന്ന് 3 കുട്ടികൾക്ക് മത്സരത്തിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ : 7736658444.

## സിഎംഎഫ്ആർഐയിൽ യങ് പ്രൊഫഷണൽ ഒഴിവ്

**കൊച്ചി:** കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) കരാർ അടിസ്ഥാനത്തിൽ യങ് പ്രൊഫഷണലിന്റെ രണ്ട് ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി ജനുവരി 18. കൂടുതൽ വിവരങ്ങൾക്ക് വെബ്സൈറ്റ് www.cmfri.org.in.

## സംസ്കൃതസർവ്വകലാശാലയിൽ ഗസ്റ്റ് ലക്ചറർ ഒഴിവ്

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ കാലടി മുഖ്യക്യാമ്പസിൽ നടത്തുന്ന പി.ജി. ഡിപ്ലോമ ഇൻ സാൻസ്ക്രിറ്റ് കമ്പ്യൂട്ടേഷണൽ ലിംഗ്വസ്റ്റിക്സിൽ ഗസ്റ്റ് ലക്ചററെ ആവശ്യമുണ്ട്. യോഗ്യരായവർ ബയോഡാറ്റയും അസ്സൽ സർട്ടിഫിക്കറ്റുകളുമായി ജനുവരി 10ന് നടക്കുന്ന ഇന്റർവ്യൂവിൽ ഹാജരാകണമെന്ന് സർവ്വകലാശാല അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0484 2699731.

## അന്തർദേശീയ ശില്പശാല 16 മുതൽ 18 വരെ

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകശാലയിലെ നാഷണൽ സെന്റർ ഫോർ അക്വാട്ടിക് ആനിമൽ ഹെൽത്ത് ആഭിമുഖ്യത്തിൽ 25ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി അനുസന്ധാൻ നാഷണൽ റിസർച്ച് ഫൗണ്ടേഷൻറെ ധനസഹായത്തോടെ 'അക്വാകൾച്ചർ മെഡിസിൻ ആൻഡ് അക്വാട്ടിക് ആനിമൽ ഹെൽത്ത് മാനേജ്മെന്റ് ഇൻ ഏഷ്യ പസഫിക് എന്ന വിഷയത്തിൽ അന്തർദേശീയ ശില്പശാല സംഘടിപ്പിക്കുന്നു. കുസാറ്റ് സെമിനാർ കോംപ്ലക്സിൽ വെച്ച് ജനുവരി 16 മുതൽ 18 വരെ നടക്കുന്ന ശില്പശാലയിൽ മൽസ്യകൃഷിയിലെ മരുന്നുകൾ, ജലജീവികളുടെ ആരോഗ്യസംരക്ഷണം, സുസ്ഥിര മത്സ്യകൃഷി തുടങ്ങിയ വിഷയങ്ങളിലെ നൂതന പുരോഗതികളും വെല്ലുവിളികളും എന്ന വിഷയങ്ങൾ ആഘോള വിദഗ്ദ്ധർ ചർച്ച ചെയ്യും. പ്രഭാഷണങ്ങൾ, പാനൽ ചർച്ചകൾ, സാങ്കേതിക സെഷനുകൾ തുടങ്ങിയവ വഴി ഗവേഷകരും പ്രതിനിധികളും തമ്മിൽ മികച്ച ആശയ വിനിമയം നടത്തുവാൻ ഈ ശില്പശാല അവസരമൊരുക്കുന്നു.കഴിഞ്ഞ 25 വർഷമായി ജലജീവികളുടെ ആരോഗ്യപരിപാലനത്തിനും ഗവേഷണത്തിനും സുസ്ഥിര മൽസ്യ കൃഷിക്കും എൻ.സി.എ.എ.എച്ച് നൽകിയിയ സംഭാവനകൾ നിരവധിയാണ്. ശില്പശാലയിൽ പങ്കെടുക്കുന്നതിനായി www.ncaah.ac.in എന്ന വെബ്സൈറ്റിൽ രജിസ്ട്രർ ചെയ്യാം. വിദ്യാർത്ഥികൾ, ശാസ്ത്രജ്ഞർ, നയതന്ത്രജ്ഞർ, കർഷകർ തുടങ്ങിയാരാണ് ശില്പശാലയിൽ പങ്കെടുക്കുന്നത്. ആറ് സെഷനുകളിലായി നാല്പതിലധികം വിഷയങ്ങൾ ദേശീയ അന്തർദേശീയ വിദഗ്ദർ അവതരിപ്പിക്കും. വിശദവിവരങ്ങൾക്ക് aquamap25@ncaah.ac.in എന്ന ഇ മെയിലിലേ, +91 9400149920 നമ്പറിലോ ബന്ധപ്പെടുക.

# ഫോക്‌ലോർ: ഇശൽ ഫെസ്റ്റ് നാളെ

**വൈപ്പിൻ:** ഫോക്‌ലോർ ഫെസ്റ്റിന്റെ ഭാഗമായ ഇശൽ ഫെസ്റ്റ് നാളെ (ജനുവരി അഞ്ച്) എടവനക്കാട് എ എ സെയ്തുമുഹമ്മദ് റോഡിലെ എസ് എൻ സംഘം ഓഡിറ്റോറിയത്തിൽ നടക്കും. കെ എൻ ഉണ്ണിക്കൃഷ്ണൻ എംഎൽഎയുടെ സാന്നിധ്യത്തിൽ രാവിലെ 10 ന് ചലച്ചിത്ര നടൻ മജീദ് എടവനക്കാട് ഉദ്ഘാടനം ചെയ്യും. പ്രസിദ്ധ മാപ്പിളപ്പാട്ട് കലാകാരൻ റഷീദ് മോങ്ങത്തിന്റെ പാട്ടും പറച്ചിലും പരിപാടിക്ക് ശോഭ പകരും.

വൈപ്പിൻ എംഎൽഎ കെ എൻ ഉണ്ണിക്കൃഷ്ണന്റെ നേതൃത്വത്തിൽ നടത്തുന്ന ഇശൽ ഫെസ്റ്റിൽ എടവനക്കാട് ഗ്രാമപഞ്ചായത്തും സഹകരിക്കുന്നുണ്ട്. ജനകീയ കലാരൂപങ്ങളായ ഒപ്പന, മാപ്പിളപ്പാട്ട്, കോൽക്കളി എന്നിവയിൽ സംസ്ഥാന തല മത്സരം നടക്കും. മത്സരങ്ങളിൽ പങ്കാളികളാകുന്നവർക്ക് സർട്ടിഫിക്കറ്റും വിജയിക്കുന്നവർക്ക് ക്യാഷ് പ്രൈസും ഉൾപ്പെടെ ഇശൽ ഫെസ്റ്റിൽ സമ്മാനിക്കും.

ഒപ്പനയ്ക്കു യഥാക്രമം 7500, 5000, 3000 രൂപയും കോൽക്കളിക്ക് യഥാക്രമം 5001,3001, 2001 രൂപയുമാണ് സമ്മാനം.

മാപ്പിളപ്പാട്ടിൽ കാറ്റഗറി തിരിച്ചിട്ടുണ്ട്. സബ് ജൂനിയർ 12 വയസ്സ് വരെ, ജൂനിയർ 1318വരെ, സീനിയർ 18 മുതൽ 50 വയസ്സ് വരെ, സീനിയർ സീനിയർ 50ന് മുകളിൽ. മാപ്പിള കലാരൂപങ്ങൾ അവതരിപ്പിക്കാനും അവസരമുണ്ടാകും.

എടവനക്കാട് പഞ്ചായത്ത് പ്രസിഡന്റ് അസീന അബ്ദുൾ സലാം അധ്യക്ഷത വഹിക്കും. റഷീദ് മോങ്ങം മുഖ്യപ്രഭാഷണം നടത്തും. കരോക്കെ ഗാനമേളയുടെ ഉപജ്ഞാതാവ് ഡോ. കെ ഐ അബ്ദുൾ ഗഫൂർ മുഖ്യാതിഥിയാകും.

മാപ്പിളപ്പാട്ട് കലാകാരൻ സിറാജുദ്ദീൻ എടവനക്കാട്, ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ എ സാജിത്ത്, ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് വി കെ ഇക്ബാൽ, മുൻപഞ്ചായത്ത് പ്രസിഡന്റ് കെ യു ജീവൻ മിത്ര, പഞ്ചായത്തംഗങ്ങളായ കെ ജെ ആൽബി, ബിന്ദു ബെന്നി, സുനൈന സുധീർ, സിഡിഎസ് ചെയർപേഴ്സൺ ഗിരിജ ഷാജി ഉൾപ്പടെ സാമൂഹ്യ സാംസ്കാരിക രംഗത്തെ പ്രഗത്ഭർ അണിനിരക്കും.

# പേശീഘടന മനസ്സിലാക്കി കായികയിനം തിരഞ്ഞെടുക്കാൻ മാർഗ്ഗം

## പാലക്കാട് എൻ എസ് എസ് എഞ്ചിനീയറിങ് കോളേജിലെ ഗവേഷണത്തിന് പേറ്റന്റ്

**പാലക്കാട്:** പേശീഘടന മനസ്സിലാക്കി കായികതാരങ്ങൾക്ക് ഏറ്റവും അനുയോജ്യമായ കായിക ഇനം തെരഞ്ഞെടുക്കുന്നതിനായുള്ള പേശീഘടനാ പഠനത്തിനായുള്ള ചെലവു കുറഞ്ഞതും വേഗത്തിൽ ചെയ്യാവുന്നതുമായ പുതിയ സാങ്കേതികവിദ്യ വികസിപ്പിച്ചതിന് പാലക്കാട് എൻ എസ് എസ് എഞ്ചിനീയറിങ് കോളേജിലെ ഗവേഷകർക്ക് പുതുവർഷത്തിൽ പേറ്റന്റ്.

കോളേജിലെ ഇൻസ്ട്രുമെന്റേഷൻ ആൻഡ് കണ്ട്രോൾ എഞ്ചിനീയറിംഗ് വകുപ്പ് പ്രൊഫസർ ജി വേണുഗോപാലിന്റെ നേതൃത്വത്തിൽ നടത്തിയ ഗവേഷണത്തിന് ഐ ഐ ടി മദ്രാസിലെ പ്രൊഫസർ എസ് രാമകൃഷ്ണന്റെ പിന്തുണ നൽകി. ഇവർ രണ്ടുപേർക്കും പുറമെ വിദ്യാർത്ഥികളായ രമ്യആർ നായർ, ദിവ്യ ശശിധരൻ എന്നിവരാണ് ഗവേഷണ സംഘത്തിലുള്ളത്.

ശരീരത്തിൽ മുറിവുണ്ടാക്കി ശേഖരിക്കുന്ന പേശീഭാഗം ബയോപ്സിക്കയച്ച്, പേശീഘടന മനസിലാക്കുന്ന രീതിയാണ് നിലവിൽ അവലംബിക്കുന്ന മാർഗ്ഗം. ചെലവേറിയതും അതേസമയം കാലതാമസമെടുക്കുന്നതുമാണ് ഈ രീതി. അതുകൊണ്ടുതന്നെ അത്തരം ശാസ്ത്രീയ രീതികൾ പൊതുവെ ആരും സ്വീകരിക്കാറില്ല. ഇതിൽ നിന്നും വളരെ വ്യത്യസ്തമായി തൊലിപുറത്ത്നിന്ന് ലഭിക്കുന്ന ഇലക്ട്രിക്ക് സിഗ്നലുകളുടെ വ്യതിയാനങ്ങളുടെ അടിസ്ഥാനത്തിൽ പേശീഘടന മനസിലാക്കാൻ സാധിക്കുന്നതാണ് ഗവേഷകർ കണ്ടെത്തിയിരിക്കുന്ന സാങ്കേതിക വിദ്യ. ചെലവ് കുറഞ്ഞ ഈ രീതിയിൽ അതിവേഗം ഫലമറിയാനും സാധിക്കും.

കായികമത്സരാർത്ഥികളെ അന്തർദേശീയ മത്സരങ്ങൾക്ക് യോഗ്യരാക്കി മാറ്റാൻ പുതിയ സാങ്കേതിക വിദ്യയിലൂടെ സാധിക്കും. പേശീസംബന്ധമായ വൈദ്യപഠനങ്ങൾക്കും ചികിത്സകൾക്കും സഹായകരമാകുന്ന വിവരങ്ങൾ ലഭ്യമാക്കാനും ഈ നൂതന മാർഗ്ഗത്തിനാവും.

'കായികതാരങ്ങളുടെ കരിയറിന്റെ തുടക്കത്തിൽ തന്നെ മസിൽ ഫൈബർ ടൈപ്പോളജി വിലയിരുത്തി കഴിവുകൾ തിരിച്ചറിയുന്നതിനും പരിശീലനരീതി വികസിപ്പിക്കുന്നതിനും ഈ സാങ്കേതികവിദ്യ കായിക പരിശീലകരെ സഹായിക്കും,' പ്രൊഫ. വേണുഗോപാൽ പറഞ്ഞു.

സ്പോർട്സ് സയൻസ്, ഫിസിയോതെറാപ്പി, കായിക പരിശീലന രീതികൾ എന്നീ മേഖലകളിൽ വലിയ വിപ്ലവം സൃഷ്ടിക്കാൻ ഈ സാങ്കേതിക വിദ്യക്ക് കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

നാഡി രോഗങ്ങളെത്തുടർന്നുണ്ടാകുന്ന മസിൽ ഫൈബർ വ്യത്യാസങ്ങൾ തിരിച്ചറിയുന്നതിന് ക്ലിനിക്കൽ ശാസ്ത്രങ്ങളിൽ ഈ സാങ്കേതികവിദ്യ സ്വീകരിക്കപ്പെടാൻ സാധ്യതയുണ്ട്.

# നിർമല വിജ്ഞാൻ പുരസ്കാരം സമ്മാനിച്ചു



**മൂവാറ്റുപുഴ:** നിർമല കോളജ് രാഷ്ട്ര നിർമാണത്തിൽ നിസ്തുല സംഭാവനകൾ നല്കിയ വ്യക്തികളെ ആദരിക്കുന്നതിനായി ഏർപ്പെടുത്തിയ, നിർമല വിജ്ഞാൻ പുരസ്കാരം ലോക പ്രശസ്ത ബഹിരാകാശ ശാസ്ത്രജ്ഞനും വിക്രം സാരാഭായ് സ്പേസ് സെന്റർ ഡയറക്ടറുമായ ഡോ എസ് ഉണ്ണികൃഷ്ണൻ നായർക്ക് സമ്മാനിച്ചു. 50, 000 രൂപയും പ്രശസ്തിപത്രവും അടങ്ങുന്ന പുരസ്കാരം കോതമംഗലം രൂപതാധ്യക്ഷൻ മാർ. ജോർജ് മഠത്തിക്കണ്ടത്തിൽ നൽകി. കോളേജിലെ അധ്യാപകരും വിദ്യാർഥികളും ചേർന്ന് തയ്യാറാക്കിയ ചന്ദ്രയാൻ 3 ന്റെ പ്രവർത്തന മാതൃകയുടെ ഉൽഘാടനം ഡോ എസ് ഉണ്ണികൃഷ്ണൻ നായർ നിർവഹിച്ചു. തുടർന്ന് സ്കൂൾ കുട്ടികളുമായി അദ്ദേഹം സംവദിച്ചു. അവാർഡ്ദാനച്ചടങ്ങിനോട് അനുബന്ധിച്ച് കോളേജിൽ സയൻസ് വിഭാഗങ്ങൾ സംഘടിപ്പിച്ച ശാസ്ത്ര പ്രദർശനവും ശ്രദ്ധേയമായി. വിവിധ സ്കൂളുകളിൽ നിന്നായി 2000 വിദ്യാർഥികൾ ശാസ്ത്ര പ്രദർശനത്തിൽ പങ്കെടുത്തു. വരും വർഷങ്ങളിലും നിർമല വിജ്ഞാൻ പുരസ്കാരം നല്കി വിജ്ഞാന ലോകത്തിനായി ജീവിതം സമർപ്പിച്ചവരെ കോളേജ് ആദരിക്കും. വിദ്യാർഥികളിൽ ശാസ്ത്ര അഭിരുചി വളർത്തുന്നതോടൊപ്പം രാജ്യത്തിന്റെ ശാസ്ത്ര പുരോഗതി പൊതുസമൂഹത്തിലേക്ക് എത്തിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് നിർമല കോളേജ് ഇത്തരത്തിലുള്ള ഒരു ശാസ്ത്ര പ്രദർശനം ഒരുക്കിയത്. ഒരു വർഷമെടുത്ത് നിർമിച്ച യഥാർഥ ചന്ദ്രയാൻ പേടകത്തിന്റെ അതേ വലുപ്പത്തിലുള്ള, പൂർണമായും ഓട്ടോമാറ്റിക് സംവിധാനത്തിൽ ചന്ദ്രന്റെ ഉപരിതലത്തിൽ നടന്ന സംഭവങ്ങളുടെ പുനഃരാവിഷ്ക്കാരമാണ് കോളേജിൽ നടത്തിയത്. ഇന്ത്യയിൽ തന്നെ ആദ്യമായിട്ടാണ് ഒരു കോളേജിൽ ഇത്തരത്തിലുള്ള ഒരു തത്സമയ പുനഃരാവിഷ്ക്കാരം നടക്കുന്നത്. കോളേജ് ഡയമണ്ട് ജൂബിലി ഓഡിറ്റോറിയത്തിൽ നടത്തിയ പരിപാടിയിൽ കോതമംഗലം രൂപതാ വികാരി ജനറാളും കോളേജ് മാനേജറുമായ മോൺ. പയസ് മലേക്കണ്ടത്തിൽ അധ്യക്ഷത വഹിച്ചു. കോളേജ് പ്രിൻസിപ്പൽ ഫാ. ഡോ ജസ്റ്റിൻ കെ കുര്യാക്കോസ്, കോളേജ് ബർസാർ ഫാ പോൾ കളത്തൂർ എന്നിവർ പ്രസംഗിച്ചു. ചടങ്ങിൽ ചന്ദ്രയാൻ പേടക നിർമാണത്തിന് നേതൃത്വം നൽകിയ അധ്യാപകരായ ഡോ. അജിത്ത് തോമസ്, ഫിസിക്സ് വിഭാഗം മേധാവി പ്രൊഫ. ടിറ്റു തോമസ് എന്നിവരെ ഉപഹാരം നൽകി ആദരിച്ചു. കോളേജിൽ ഒരുക്കിയ ചന്ദ്രയാൻ പേടക മാതൃക തുടർന്നുള്ള ദിവസങ്ങളിലും കോളേജിൽ പ്രദർശിപ്പിക്കും. പ്രദർശനം കാണുവാൻ ആഗ്രഹിക്കുന്നവർ 8281129140 എന്ന നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണ്.

## സപ്പോർട്ടിംഗ് എഞ്ചിനീയറുടെ ഒഴിവിലേക്ക് അപേക്ഷിക്കാം

**തിരുവനന്തപുരം:** ജില്ലാ പട്ടികജാതി വികസന ഓഫീസിൽ സപ്പോർട്ടിംഗ് എഞ്ചിനീയർമാരുടെ രണ്ട് ഒഴിവുകളിലേക്ക് പട്ടികജാതി വിഭാഗക്കാരിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. കമ്പ്യൂട്ടർ സയൻസ്, ഐ.ടി വിഷയങ്ങളിൽ ബി.ടെക്, എം.സി.എ അല്ലെങ്കിൽ എം.എസ്.സി യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം.

ഒരു വർഷത്തേക്കാണ് നിയമനം. പ്രായപരിധി 35 വയസ്സ്. താത്പര്യമുള്ളവർ വെള്ള കടലാസിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം സർഫിക്കറ്റുകളുടെ പകർപ്പുകൾ സഹിതം ജനുവരി 8ന് മുമ്പ് ജില്ലാ പട്ടികജാതി വികസന ഓഫീസിൽ സമർപ്പിക്കണം. ഫോൺ: 0471 2314238, 0471 2314232.

## ആകാശവാണിയിൽ ഒഴിവുകൾ

**കോഴിക്കോട്:** ആകാശവാണി കോഴിക്കോട് പ്രാദേശിക വാർത്താ വിഭാഗത്തിൽ കാഷ്വൽ ന്യൂസ് എഡിറ്റർ, കാഷ്വൽ ന്യൂസ് റീഡർ കം ട്രാൻസ്ലേറ്റർ പാനലുകളിൽ ഉൾപ്പെടുത്തുന്നതിന് അപേക്ഷ ക്ഷണിച്ചു. കോഴിക്കോടും സമീപപ്രദേശങ്ങളിലും താമസിക്കുന്നവർ ആയിരിക്കണം അപേക്ഷകർ. പ്രായം 21 നും 50 നും മധ്യേ.

കോഴിക്കോട് നടക്കുന്ന എഴുത്തുപരീക്ഷയുടെയും, ഇൻറർവ്യൂവിന്റെയും, അടിസ്ഥാനത്തിലായിരിക്കും ഇരു പാനലുകളിലേക്കുമുള്ള തെരഞ്ഞെടുപ്പ്. ന്യൂസ് റീഡർ കം ട്രാൻസ്ലേറ്റർ പാനലിലേക്ക് ഓഡിഷൻ ടെസ്റ്റും ഉണ്ടാകും.

യോഗ്യത, അപേക്ഷ ഫീസ്, അപേക്ഷിക്കേണ്ട രീതി എന്നിവ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ, ആകാശവാണി ന്യൂസ് സർവീസസ് ഡിവിഷൻ വെബ്സൈറ്റ് www.newsonair.gov.in ൽ vacancies വിഭാഗത്തിൽ ലഭ്യമാണ്.

പൂരിപ്പിച്ച അപേക്ഷകൾ ഹെഡ് ഓഫ് ഓഫീസ്, ആകാശവാണി, ബീച്ച് റോഡ്, കോഴിക്കോട്, 673032 എന്ന വിലാസത്തിൽ ജനുവരി 15ന് വൈകീട്ട് ആറു മണിക്കകം ലഭിക്കണം. ഫോൺ: 0495 2366265 (10 മണി മുതൽ രണ്ട് മണി വരെ).

## സാഗർമിത്ര നിയമനം: അപേക്ഷ ക്ഷണിച്ചു

**മലപ്പുറം:** പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന പദ്ധതി പ്രകാരം വെട്ടം മത്സ്യഭവന് കീഴിലെ തേവർ കടപ്പുറം മത്സ്യഗ്രാമത്തിലേക്ക് ഒരു വർഷ കരാർ അടിസ്ഥാനത്തിൽ സാഗർമിത്രയെ നിയമിക്കുന്നതിനും ഭാവിയിൽ ഒഴിവു വരുന്ന മത്സ്യഗ്രാമങ്ങളിലേക്ക് നിയമിക്കുന്നതിനുമായി അപേക്ഷ ക്ഷണിച്ചു.

ഫിഷറീസ് സയൻസ്/ മറൈൻ ബയോളജി/ സുവോളജി എന്നിവയിൽ ഏതെങ്കിലും ബിരുദം നേടിയവരാകണം. ആശയവിനിമയപാടവവും വിവര സാങ്കേതിക വിദ്യയിൽ പരിജ്ഞാനമുള്ളവരും 35 വയസ് കവിയാത്തവരുമായ ഉദ്യോഗാർത്ഥികൾക്ക് അപേക്ഷിക്കാം.

താൽപര്യമുള്ളവർ ജനുവരി ആറിന് രാവിലെ 10.30 ന് പൊന്നാനി ചന്തപ്പടിയിലെ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ രേഖകൾ സഹിതം ഹാജരാകണം. ഫോൺ 0494 2666428.

## ടെൻഡർ ക്ഷണിച്ചു

**കോട്ടയം:** ജില്ലാ സാമൂഹിക നീതി ഓഫീസിലെ ഔദ്യോഗിക ആവശ്യങ്ങൾക്ക് ഡ്രൈവർ ഉൾപ്പെടെ ടാക്സി പെർമിറ്റുള്ള എ.സി. കാർ വാടകയ്ക്ക് നൽകുന്നതിനുള്ള ടെൻഡർ ക്ഷണിച്ചു.

ജനുവരി 13 രാവിലെ 11 മണി വരെ ടെൻഡറുകൾ സ്വീകരിക്കും. വിശദ വിവരങ്ങൾക്ക് ഫോൺ 0481 2563980.

# കാലാവസ്ഥാ വ്യതിയാനം ഏറ്റവും കൂടുതൽ ബാധിക്കുന്നത് കൃഷിയെ മന്ത്രി പി. പ്രസാദ്

**മലപ്പുറം:** ചൂട് വർധിക്കുന്നതും മഴ കൂടുന്നതും ഉൾപ്പെടെയുള്ള കാലാവസ്ഥാ വ്യതിയാനം ഏറ്റവും കൂടുതൽ ദോഷകരമായി ബാധിക്കുന്നത് കൃഷിയെ ആണെന്ന് സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മന്ത്രി പി പ്രസാദ് പറഞ്ഞു. മനുഷ്യന്റെ വിശപ്പിന് പരിഹാരം ഉണ്ടാക്കുന്ന ഭക്ഷണം ഉൽപ്പാദിപ്പിക്കുന്ന പ്രക്രിയയാണ് കൃഷി എന്നതിനാൽ മനുഷ്യരാശിയുടെ ഏറ്റവും പ്രധാനപ്പെട്ട കണ്ടുപിടിത്തങ്ങളിൽ ഒന്നായി കൃഷിയെ കാണണമെന്ന് മന്ത്രി പറഞ്ഞു. കൃഷിക്ക് അനുയോജ്യമായ നല്ല മണ്ണും മികച്ച കാലാവസ്ഥയുമുള്ള നാടാണ് കേരളമെങ്കിലും കാലാവസ്ഥാ വ്യതിയാനം നമ്മുടെ കാർഷിക പുരോഗതിയെ സാരമായി ബാധിക്കുന്നുണ്ടെന്ന് മന്ത്രി പറഞ്ഞു.

മലപ്പുറം ജില്ലാ പഞ്ചായത്തും കാർഷിക വികസന കർഷക ക്ഷേമ വകുപ്പും സംയുക്തമായി നിലമ്പൂർ ചുങ്കത്തറ ജില്ലാ കൃഷിത്തോട്ടത്തിൽ സംഘടിപ്പിക്കുന്ന 'നിറപൊലി 25' കാർഷിക മേളയുടെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

ലോകത്ത് ആയുർദൈർഘ്യവും ജനസംഖ്യയും കൂടി വരികയാണ്. 2050ൽ 970 കോടി ജനസംഖ്യ ഉണ്ടാകുമെന്നാണ് കണക്കു കൂട്ടൽ. ഇവരുടെ വിശപ്പ് ശമിക്കണമെങ്കിൽ ഇപ്പോഴത്തെ ഭക്ഷ്യോത്പാദനം 80 ശതമാനം എങ്കിലും വർദ്ധിക്കണം. ഏറ്റവും കൂടുതൽ സംരക്ഷണം ആവശ്യമുള്ളത് കർഷകർക്കാണ്. കർഷകർ സംരക്ഷിക്കപ്പെട്ടാൽ മാത്രമേ സമൂഹം നിലനിൽക്കുകയുള്ളൂ. കർഷകന്റെ എല്ലാ ആശങ്കങ്ങളും പരിഹരിക്കുകയും അവർക്ക് സുരക്ഷ ഉറപ്പുവരുത്തുകയും ചെയ്യുക എന്നത് സർക്കാരിന്റെ ഉത്തരവാദിത്തമാണ്.

കർഷകരും വന്യജീവികളും തമ്മിലുള്ള സംഘർഷങ്ങൾ ലഘൂകരിക്കാനായി നിർമ്മിത ബുദ്ധിയുടെ സഹായത്തോടെയുള്ള പദ്ധതികൾ കൃഷിവകുപ്പ് പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കും. അടുത്ത അഞ്ചുവർഷം കാർഷിക മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങൾ ഉണ്ടാകും. കഴിഞ്ഞവർഷം ഒക്ടോബർ 31ന് കാർഷിക മേഖലയുടെ നവീകരണത്തിനായി 2375 കോടി രൂപയുടെ പദ്ധതിക്ക് അന്തിമ അനുമതി ലഭിച്ചിട്ടുണ്ട്. കർഷകരും വന്യജീവികളുമായുള്ള സംഘർഷങ്ങൾ കുറയ്ക്കാനുള്ള പദ്ധതികളും ഈ തുക ഉപയോഗിച്ച് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. 1980 നു ശേഷം ആദ്യമായാണ് ഇത്രയും വലിയ തുകയുടെ പദ്ധതി കൃഷിവകുപ്പ് നടപ്പിലാക്കുന്നതെന്നും മന്ത്രി പറഞ്ഞു.

ജനുവരി 6 വരെ നീണ്ടുനിൽക്കുന്ന മെഗാ കാർഷിക പ്രദർശന വിജ്ഞാന വിപണനമേള ജില്ലയുടെ കാർഷികരംഗത്ത് ശ്രദ്ധേയമായ മുന്നേറ്റം ലക്ഷ്യംവെച്ചു കൊണ്ടുള്ളതാണ്. മേളയോടനുബന്ധിച്ച് കാർഷിക വിജ്ഞാന വിഷയങ്ങളിലായി എട്ട് സെമിനാറുകൾ, പുഷ്പഫല പ്രദർശനം, കാർഷിക, മൂല്യവർദ്ധന ഉൽപ്പന്നങ്ങളുടെ പ്രദർശനം, ഫുഡ് ഫെസ്റ്റ്, സാംസ്കാരിക കലാസന്ധ്യ, മഡ് ഫുട്ബോൾ, മണ്ണ് പരിശോധനാ ക്യാമ്പ്, കാർഷിക യന്ത്രോപകരണങ്ങളുടെ സർവ്വീസ് ക്യാമ്പ്, വിവിധ മത്സരങ്ങൾ നടക്കും. കൃഷിക്ക് ആവശ്യമായ ഏറ്റവും പുതിയ സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തുന്നതോടൊപ്പം നൂതന കൃഷി രീതികളെക്കുറിച്ച് കർഷകരിൽ അവബോധം ഉണർത്തുകയും പുത്തൻ ആശയങ്ങൾ ലോകത്തിനു മുന്നിൽ അവതരിപ്പിക്കുന്നതിനും ഇത് അവസരം ഒരുക്കും.



# വൈക്കത്തു നിന്ന് ചെന്നൈക്കും വേളാങ്കണ്ണിക്കും ബസ് സർവീസ് ആരംഭിച്ചു

**വൈക്കം:** തമിഴ്നാട് സ്റ്റേറ്റ് എക്സ്പ്രസ് ട്രാൻസ്പോർട്ട് കോർപറേഷന്റെ വൈക്കം ചെന്നൈ, വൈക്കം വേളാങ്കണ്ണി ബസ് സർവീസുകൾക്ക് തുടക്കം. വൈക്കം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിൽ നടന്ന ചടങ്ങിൽ ഗതാഗത വകുപ്പ് മന്ത്രി കെ.ബി. ഗണേഷ് കുമാറും തമിഴ്നാട് ഗതാഗത വകുപ്പ് മന്ത്രി എസ്.എസ്. ശിവശങ്കറും ചേർന്ന് ഫ്ലാഗ് ഓഫ് ചെയ്തു. വൈക്കത്തേക്ക് ബസ് ഓടിക്കാനുള്ളതമിഴ്നാട് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ തീരുമാനം സന്തോഷകരമാണെന്ന് മന്ത്രി കെ.ബി. ഗണേഷ് കുമാർ പറഞ്ഞു. വ്യാഴാഴ്ച ഉദ്ഘാടനം ചെയ്യുന്ന തെങ്കാശി ആര്യങ്കാവ് ബസ് സർവീസ് കേരളത്തിലെ യാത്രക്കാർക്ക് ഏറെ ഗുണം ചെയ്യുമെന്നും മന്ത്രി പറഞ്ഞു. കെ.എസ്.ആർ.ടി.സി. യെ രക്ഷിക്കാനുള്ള ശ്രമങ്ങളോട് ജീവനക്കാരും യാത്രക്കാരും സഹകരിക്കണം. എം.എൽ.എ ഫണ്ട് ലഭ്യമാക്കിയാൽ വൈക്കം ഡിപ്പോയിൽ ഷോപ്പിങ് മാൾ അടക്കം പുതിയ കെട്ടിടം പണിയാൻ തയ്യാറാണെന്നും മന്ത്രി പറഞ്ഞു. സഹകരണ സംഘങ്ങൾ അടക്കമുള്ളവർ മുന്നോട്ടു വന്നാൽ ബസ് സ്റ്റേഷനുകൾ ബ്രാൻഡ് ചെയ്യാനും തയ്യാറാണ്.

സ്വകാര്യ ബസുകളിലും പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റില്ലാത്തവരെ ഡ്രൈവർമാരാക്കാൻ അനുവദിക്കില്ല. ഡ്രൈവിങ് ലൈസൻസിൽ ബ്ലാക്ക്മാർക്ക് കൊണ്ടുവരും. ഒരു വർഷത്തിനിടെ ആറ് ബ്ലാക്ക്മാർക്ക് വന്നാൽ ലൈസൻസ് തനിയെ റദ്ദാകുമെന്നും മന്ത്രി പറഞ്ഞു.

വൈക്കത്തേക്കുള്ള സർവീസിന് ചരിത്ര പ്രാധാന്യമുണ്ടെന്ന് തമിഴ്നാട് ഗതാഗത മന്ത്രി എസ്.എസ്. ശിവശങ്കർ പറഞ്ഞു.തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തംഗം സജിമോൻ വർഗീസും ഭാര്യയും ചേർന്ന് ആദ്യ ടിക്കറ്റ് മന്ത്രിമാരിൽ നിന്ന് ഏറ്റുവാങ്ങി.സി. കെ. ആശ എം.എൽ.എ. അധ്യക്ഷത വഹിച്ചു.കെ. ഫ്രാൻസിസ് ജോർജ് എം.പി .മുഖ്യാതിഥിയായിരുന്നു.

നഗരസഭാ ചെയർപേഴ്സൺ പ്രീത രാജേഷ്, വൈസ് ചെയർപേഴ്സൺ പി.ടി . സുഭാഷ്, പ്രതിപക്ഷ നേതാവ് എസ്. ഹരിദാസൻ നായർ ,എസ് ഇ ടി സി മാനേജിംഗ് ഡയറക്ടർ ആർ .മോഹൻ കെഎസ്ആർടിസി ഓപ്പറേഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ജി . പി. പ്രദീപ്കുമാർ, കെഎസ് ആർ ടിസി ചീഫ് ട്രാഫിക് ഓഫീസർ ടി..എ ഉബൈദ്,കെഎസ്ആർടിസി ചെയർമാൻ ആൻഡ് മാനേജിങ് ഡയറക്ടർ പി. എസ്. പ്രമോജ് ശങ്കർ, അസിസ്റ്റന്റ് ട്രാൻസ്പോർട്ട് ഓഫീസർ എ.ടി. ഷിബു എന്നിവർ പ്രസംഗിച്ചു.

## ദേശീയ സരസ് മേള: സ്വാഗതസംഘം ഓഫീസ് ഉദ്ഘാടനം ചെയ്തു

**ചെങ്ങന്നൂർ:** ജനുവരി 18 മുതൽ 31 വരെ ചെങ്ങന്നൂർ മുനിസിപ്പൽ സ്റ്റേഡിയത്തിൽ നടക്കുന്ന ദേശീയ സരസ് മേള 2025 ന്റെ സ്വാഗത സംഘം ഓഫീസ് സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ ഉദ്ഘാടനം ചെയ്തു.

ചെങ്ങന്നൂർ നഗരസഭ ചെയർപേഴ്സൺ അഡ്വ. ശോഭ വർഗ്ഗീസ് അധ്യക്ഷയായി. കുടുംബശ്രീ ജില്ലാമിഷൻ കോർഡിനേറ്റർ രഞ്ജിത്ത് എസ്, ഫോക് ലോർ അക്കാദമി ചെയർമാൻ ഒ എസ് ഉണ്ണികൃഷ്ണൻ, കെസിഎംഎംസി ചെയർമാൻ എം എച്ച് റഷീദ്,താലൂക്ക് സർക്കിൾ സഹകരണ യൂണിയൻ ചെയർമാൻ എം ശശികുമാർ, ജില്ല പഞ്ചായത്തംഗങ്ങളായ വത്സല മോഹൻ, ഹേമലത മോഹൻ, പബ്ലിസിറ്റി കമ്മിറ്റി കൺവീനർ ജി വിവേക്,അനിൽ പി ശ്രീരംഗം, എന്നിവർ സംസാരിച്ചു.

ചെങ്ങന്നൂർ കെഎസ്ആർടിസി ബസ് സ്റ്റാൻഡിനു സമീപമുള്ള റിലീഫ് എൽ പി സ്കൂൾ ഗ്രൗണ്ടിലാണ് സ്വാഗത സംഘം ഓഫീസ് പ്രവർത്തിക്കുക.

## ഇന്റർനാഷണൽ ക്വിസിങ് അസോസിയേഷൻ ജില്ലാ ചാപ്റ്റർ രൂപീകരിച്ചു

**കോട്ടയം:** ജില്ലാ കളക്ടർ ജോൺ വി. സാമുവൽ മുഖ്യരക്ഷാധികാരിയായി ഇന്റർനാഷണൽ ക്വിസിങ് അസോസിയേഷന്റെ ജില്ലാതല ചാപ്റ്റർ രൂപീകരിച്ചു.

ഐ ക്യൂ എ ഏഷ്യയുടെ ഇന്ത്യയിലെ പത്താമത്തെ ചാപ്റ്റർ ആണിത്.സബ് കളക്ടർ ഡി. രഞ്ജിത്, ജില്ലാ പോലീസ് മേധാവി എ. ഷാഹുൽ ഹമീദ്, ജില്ലാ പഞ്ചായത്ത് സെക്രട്ടറി പി.എസ് ഷിനോ , വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ എം. ആർ. സുനിമോൾ, കാഞ്ഞിരപ്പള്ളി ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഇ. റ്റി. രാകേഷ് (രക്ഷാധികാരികൾ), ഇ. മുഹമ്മദ് ദാവൂദ് (പ്രസിഡന്റ് ), വിനീത അന്ന തോമസ്(വൈസ് പ്രസിഡന്റ് ), എസ്. ജെ. അഭിശങ്കർ (സെക്രട്ടറി ), രാജലക്ഷ്മി രാജേന്ദ്രൻ (ജോയിന്റ് സെക്രട്ടറി ), ടി.എസ്. ജയ്കർ (ജില്ലാ കോർഡിനേറ്റർ ),കെ.എസ്. അശ്വിൻ , പ്രിയ മേരി ജോൺ(എക്സിക്യൂട്ടീവ് അംഗങ്ങൾ ) എന്നിവരടങ്ങുന്ന ജില്ലാ ചാപ്റ്ററാണ് രൂപീകരിച്ചത്. ജില്ലാതല ക്വിസ് ചാമ്പ്യൻഷിപ്പ് ജനുവരി 15ന് ഉച്ചയ്ക്ക് 1:30ന് കോട്ടയം എം.ഡി. സെമിനാരി ഹയർ സെക്കൻഡറി സ്കൂളിൽ നടക്കും.

ലണ്ടൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇന്റർനാഷണൽ ക്വിസിങ് അസോസിയേഷൻ, അവരുടെ ഏഷ്യ ചാപ്റ്ററിന്റെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത് കേരളത്തിലാണ്.

സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളുടെ പങ്കാളിത്തത്തോടെ വിദ്യാർത്ഥികൾക്ക് അന്താരാഷ്ട്ര ക്വിസ് പ്ലെയർ ആയി ഐ.ക്യൂ.ഏ പോർട്ടലിൽ രജിസ്റ്റർ ചെയ്യാവുന്ന പദ്ധതി ചീഫ് സെക്രട്ടറിയുടെ ചേമ്പറിൽ വച്ച് കഴിഞ്ഞ ജൂലൈയിൽ ഉദ്ഘാടനം ചെയ്തിരുന്നു.

താല്പര്യമുള്ള വിദ്യാർത്ഥികൾക്ക് www.iqa.asia എന്ന പോർട്ടലിൽ ക്വിസ് പ്ലെയർ ആയി രജിസ്റ്റർ ചെയ്യാം. ഒരു വർഷത്തേക്കാണ് രജിസ്ട്രേഷൻ. രജിസ്ട്രേഷൻ ഫീ 177 രൂപയാണ്.

ക്വിസ് പ്ലെയർ ആയി രജിസ്റ്റർ ചെയ്യുന്ന ഒന്നാം ക്ലാസ് മുതൽ പ്ലസ് ടു വരെയുള്ള വിദ്യാർത്ഥികൾക്ക് ഒരു രജിസ്ട്രേഷൻ കാർഡും, പത്രണ്ടു മാസം ഐ.ക്യൂ.ഏ കണ്ടന്റും ഓൺലൈൻ ആയി ലഭിക്കും.

രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും,7907635399



പാവക്കുളം ശ്രീമഹാദേവക്ഷേത്രത്തിലെ തിരുവുൽസവത്തിന് മുന്നോടിയായി ക്ഷേത്രം തന്ത്രി ബ്രഹ്മശ്രീ പുലിയന്നൂർ പ്രശാന്ത് നാരായണൻ നമ്പൂതിരിപ്പാടിന്റെ കാർമ്മികത്വത്തിൽ നടന്ന ശുദ്ധിക്രിയകൾ.

# പാവക്കുളത്ത് ഇന്ന് കൊടിയേറ്റ്

**കൊച്ചി:** പാവക്കുളം ശ്രീമഹാദേവക്ഷേത്രത്തിലെ തിരുവുൽസവത്തിന് മുന്നോടിയായി ജനുവരി 2 വെള്ളിയാഴ്ച മുതൽ ശുദ്ധിക്രിയകൾ ക്ഷേത്രം തന്ത്രി ബ്രഹ്മശ്രീ പുലിയന്നൂർ പ്രശാന്ത് നാരായണൻ നമ്പൂതിരിപ്പാടിന്റെ കാർമ്മികത്വത്തിൽ ആരംഭിച്ചു. ഇന്ന് രാവിലെ ( ശനി ) പത്തിന് കലവറ നിറക്കൽ ചടങ്ങ് നടക്കും. രാത്രി 8 മണിക്ക് തന്ത്രിയുടെ നേതൃത്വത്തിൽ ഉത്സവം കൊടിയേറും. ഈ വർഷത്തെ തിരുവുത്സവത്തിനായി ക്ഷേത്രം ഒരുങ്ങി.




# പ്രതിഷേധ ധർണ്ണ നടത്തി

**കിഴക്കമ്പലം :** വൈദ്യുതി ചാർജ് കൊള്ളക്ക് എതിരെയും നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റത്തിന് എതിരെയും ട്വന്റി 20 പാർട്ടി കിഴക്കമ്പലം പഞ്ചായത്ത് വാർഡ് 11 വിലങ്ങ് വാർഡ് കമ്മിറ്റിയുടെ നേതൃത്വത്തിൽ വിലങ്ങ് കോളനി പടിയിൽ പ്രതിഷേധ ധർണ്ണ നടത്തി.

കിഴക്കമ്പലം പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി മിനി രതീഷ് ഉദ്ഘാടനം ചെയ്തു.സമയബന്ധിതമായി പദ്ധതികൾ പൂർത്തിയാക്കാത്തതും കെടുകാര്യസ്ഥതയും കിട്ടാക്കടം പിരിക്കുന്നതിലെ വീഴ്ചയും അധിക തസ്തികകളും റദ്ദാക്കപ്പെട്ട ദീർഘകാല കരാറുകളും ജീവനക്കാരുടെ ഉയർന്ന ശമ്പളവുമാണ് വൈദ്യുത ചാർജിന് പിന്നിലെ കാരണങ്ങളെന്ന് 2020 പാർട്ടി ബോർഡ് മെമ്പർ കുഞ്ഞുമുഹമ്മദ് പറഞ്ഞു. പ്രവർത്തനം കാര്യക്ഷമമാക്കാൻ ജനറേഷൻ, ട്രാൻസ്മിഷൻ, ഡിസ്ട്രിബ്യൂഷൻ എന്നിങ്ങനെ മൂന്ന് കമ്പനികളായി വൈദ്യുതി വകുപ്പിനെ മാറ്റണമെന്നും അദ്ദേഹം പറഞ്ഞു.

യോഗത്തിൽ വാർഡ് മെമ്പർ ശ്രീമതി അമ്പിളി വിജിൽ അധ്യക്ഷത വഹിച്ചു. ട്വന്റി പാർട്ടി ജനറൽ സെക്രട്ടറി ബിനു പി എ വാഴക്കുളം ബ്ലോക്ക് മെമ്പർ രാജു എന്നിവർ ആശംസ പ്രസംഗം നടത്തുകയുണ്ടായി. യോഗത്തിൽ 200 ലേറെ വാർഡ് നിവാസികൾ പങ്കെടുത്തു.

# നെല്ലു സംഭരണം: കേന്ദ്രത്തിൽ നിന്ന് 215 കോടി രൂപ കൂടി



**പാലക്കാട് :** നെല്ലു സംഭരണത്തിനുള്ള കേന്ദ്രവിഹിതത്തിൽ 215 കോടി രൂപ കൂടി സംസ്ഥാനത്തിന് അനുവദിച്ചു. ആദ്യ ഗഡുവായി 73.34 കോടി രൂപ നേരത്തെ നൽകിയിരുന്നു. മുൻ സീസണുകളിൽ നെല്ലെടുത്ത വകയിൽ സംസ്ഥാനത്തിനു ലഭിക്കാനുള്ള കേന്ദ്രവിഹിതത്തിൽ നിന്നാണു തുക അനുവദിച്ചിട്ടുള്ളത്. ഇതോടെ ഡിസംബർ 15 വരെ അംഗീകരിച്ച പിആർഎസുകളിൽ നെല്ലുവില നൽകാനാകും. ഇതിനായി സപ്ലൈകോ നടപടി തുടങ്ങി. ഈ മാസം തന്നെ കർഷകരുടെ അക്കൗണ്ടിൽ പണമെത്തും. നെല്ലെടുപ്പിനു സംസ്ഥാന സർക്കാർ വിഹിതമായി പ്രഖ്യാപിച്ച 175 കോടിയിൽ 50 കോടി രൂപ കഴിഞ്ഞ മാസം അനുവദിച്ചിരുന്നു.

സംസ്ഥാനം പ്രഖ്യാപിച്ച തുകയിൽ നിന്ന് ഓരോ മാസവും 50 കോടി രൂപ വീതമാണു സപ്ലൈകോയ്ക്ക് അനുവദിക്കുന്നത്. ഇതനുസരിച്ച് 50 കോടി രൂപ ഈ മാസം ലഭിക്കണം. ഇതുകൂടി കിട്ടിയാൽ ഡിസംബർ 30 വരെ അംഗീകരിക്കുന്ന പിആർഎസുകളിൽ വില നൽകാനാകും. കടുത്ത സാമ്പത്തിക പ്രതിസന്ധി കാരണമാണു സംസ്ഥാനം ഗഡുക്കളായി തുക അനുവദിക്കുന്നത്. സംസ്ഥാനം പ്രഖ്യാപിച്ച 175 കോടി രൂപയിലെ ആദ്യ ഗഡുവായ 50 കോടി രൂപ ഒരു മാസത്തിനു ശേഷമാണു സപ്ലൈകോയ്ക്കു അനുവദിച്ചത്. ഡിസംബർ 30 വരെയുള്ള പിആർഎസുകളിൽ തുക നൽകാനായാൽ ഭൂരിഭാഗം കൃഷിക്കാർക്കും ഒന്നാംവിള നെല്ലിന്റെ വില ലഭിക്കും.



# പുഴകളിലും ഇടത്തോടുകളിലും ആഫ്രിക്കൻ പായൽ നിറഞ്ഞു; മത്സ്യത്തൊഴിലാളികൾ പ്രതിസന്ധിയിൽ

**വരാപ്പുഴ:** പുഴകളിലും ഇടത്തോടുകളിലും ആഫ്രിക്കൻ പായൽ നിറഞ്ഞതോടെ മത്സ്യത്തൊഴിലാളികൾ ബുദ്ധിമുട്ടിലായി. മത്സ്യബന്ധനത്തിനു പോകുന്ന ചെറുവഞ്ചികളിൽ പോലും കടന്നു പോകാത്ത തരത്തിലാണു തോടുകളിലും പുഴകളിലും പായൽ തിങ്ങിയിരിക്കുന്നത്. മാത്രമല്ല പുഴയിലും ഇടത്തോടുകളിലും ചൂണ്ടയും വലയും ഇടാൻ കഴിയാത്തതും പ്രതിസന്ധി രൂക്ഷമാക്കുന്നു. എല്ലാ വർഷങ്ങളിലും ഇതേ പ്രതിസന്ധി നേരിടുന്നതെങ്കിലും പരിഹാരത്തിനുള്ള മുൻകൂർ നടപടികൾ സ്വീകരിക്കാത്തതിൽ പ്രതിഷേധം ശക്തമാണ്.

ഏതാണ്ട് രണ്ടു മാസത്തോളം പുഴകളിൽ പായൽ നിറഞ്ഞു നിൽക്കാറുണ്ട്. തുടർന്നു വേനൽ ശക്തമാകുന്നതോടെ പായൽ ഉണങ്ങി പുഴയുടെ അടിത്തട്ടിലേക്കു പോകും. അടിത്തട്ടിൽ പായൽ നിറയുന്നതിനാൽ വലയിടാൻ കഴിയാത്തതും പ്രശ്നമാണ്. മത്സ്യബന്ധനം നടത്തി ജീവിക്കുന്ന നൂറുകണക്കിന് കുടുംബങ്ങളാണ് പായൽ പ്രശ്നം മൂലം ബുദ്ധിമുട്ടുകൾ നേരിടുന്നത്. പായൽ തിങ്ങിനിറയുന്നതു തടയാൻ ശാസ്ത്രീയമായ നടപടികൾ സ്വീകരിക്കണമെന്നു ആവശ്യപ്പെട്ടു ബന്ധപ്പെട്ട അധികൃതർക്കു പരാതി നൽകിയതായി ജില്ലാ പഞ്ചായത്ത് അംഗം യേശുദാസ് പറപ്പിള്ളി പറഞ്ഞു.

## ഷൊർണൂർ നിലമ്പൂർ പാത സജ്ജം

# സംസ്ഥാനത്ത് റെയിൽവേ വൈദ്യുതീകരണം പൂർണം




**പാലക്കാട്:** ഷൊർണൂർ നിലമ്പൂർ പാതയിൽ ഇലക്ട്രിക് ട്രെയിൻ സർവീസ് ആരംഭിച്ചതോടെ സംസ്ഥാനത്തെ റെയിൽവേ വൈദ്യുതീകരണം പൂർത്തിയായി. 760 കിലോമീറ്റർ ട്രാക്കുള്ള തിരുവനന്തപുരം ഡിവിഷനിൽ 2001ൽ വൈദ്യുതീകരണം മുഴുവനായെങ്കിലും 490 കിലോമീറ്റർ പാതയുള്ള പാലക്കാട് ഡിവിഷനിൽ ഇപ്പോഴാണു നടപടി പൂർത്തിയായത്. റെയിൽവേ സജ്ജമായിരുന്നെങ്കിലും അവസാനഘട്ടമായ ഷൊർണൂർ ,നിലമ്പൂർ പാത വൈദ്യുതീകരണം കോവിഡും സാങ്കേതിക തടസ്സങ്ങളും കാരണം നീണ്ടുപോയി. ട്രാക്കിന്റെ ഇരുവശവുമുള്ള മരങ്ങളാൽ ഏറെ ആകർഷകമായിരുന്നു ഈ വഴിയുള്ള യാത്ര.

റെയിൽവേയുടെ ഹരിത ഇടനാഴി (ഗ്രീൻ കോറിഡോർ) എന്ന് റൂട്ട് അറിയപ്പെട്ടു. വിനോദസഞ്ചാരത്തിനു വിൻഡോ ട്രെയിൻ ആരംഭിക്കാനുള്ള നിർദേശങ്ങൾ ഉയർന്നു. മരങ്ങൾ മുറിക്കാതെ വൈദ്യുതീകരണം പൂർത്തിയാക്കാൻ കഴിയില്ലെന്നു റെയിൽവേ സാങ്കേതികവിഭാഗം വ്യക്തമാക്കിയതോടെ പരിസ്ഥിതി പ്രവർത്തകർ രംഗത്തെത്തി. ചിലർ ഗ്രീൻ ട്രൈബ്യൂണലിനെ സമീപിച്ചെങ്കിലും ഫലമുണ്ടായില്ല. ഭരണപരമായ പ്രശ്നങ്ങളും മരം മുറിക്കൽ താമസവും കാരണം 2022ൽ പൂർത്തിയാകേണ്ടിയിരുന്ന പദ്ധതി നീണ്ടു. 66 കിലോമീറ്റർ വൈദ്യുതീകരണത്തിനു മൊത്തം 100 കോടി രൂപയാണു ചെലവ്. സംസ്ഥാനത്ത് 1996,97 വർഷത്തിൽ ആരംഭിച്ച വൈദ്യുതീകരണം വടക്കൻമേഖലയിൽ സാങ്കേതികം ഉൾപ്പെടെ തടസ്സങ്ങളിൽപെട്ടതാണ് ഇഴഞ്ഞുനീങ്ങാൻ കാരണം.

തിരുവനന്തപുരം ഡിവിഷനിൽ 2000ൽ നടപടി അവസാനിക്കുമ്പോൾ പാലക്കാട്ട് ഡിവിഷനിൽ ഷൊർണൂർ വരെയാണു നടപ്പായത്. 2015ൽ കോഴിക്കോട് കല്ലായി വരെ കമ്മിഷൻ ചെയ്തു. മംഗളൂരു ജംക്‌ഷൻ വരെയുള്ള റൂട്ട് 2018ൽ പൂർത്തിയാക്കി.

അവസാനഘട്ടത്തിൽ മംഗളൂരു പിറ്റ് ലൈനുമായി ബന്ധപ്പെട്ട സാങ്കേതിക തടസ്സങ്ങളുണ്ടായി. തിരുവനന്തപുരം ഡിവിഷൻ മേഖലയിൽ കാര്യമായ ബുദ്ധിമുട്ടുകളില്ലായിരുന്നു. ചെങ്കോട്ട, കൊല്ലം മേഖലയിൽ മധുര ഡിവിഷനാണു വൈദ്യുതീകരണം നടത്തിയത്.

ഇലക്ട്രിക് ആകുന്നതോടെ എൻജിനുകൾ മാറാനുള്ള സമയവും ഇന്ധനവും ലാഭിക്കാനാകും. നിലവിലുള്ള സർവീസുകളുടെ ക്രമീകരണത്തിലൂടെ കൂടുതൽ മെമു, പാസഞ്ചർ ട്രെയിനുകൾ ആരംഭിച്ചാലേ വൈദ്യുതീകരണം കൊണ്ടു യാത്രക്കാർക്കു ഗുണമുണ്ടാകൂ.

അതിനുള്ള നടപടികളാണ് റെയിൽവേ ഇനി സ്വീകരിക്കേണ്ടത്.

# ലജിസ്ലേച്ചർ സ്റ്റാർ സിംഗറിൽ അണിനിരക്കാൻ നിയമസഭാ സാമാജികർ

**തിരുവനന്തപുരം:** നിയമസഭാ പുസ്തകോത്സവത്തിന്റെ ഭാഗമായി ഒരുക്കുന്ന സാംസ്കാരിക പരിപാടികളിൽ മന്ത്രിമാരും എംഎൽഎമാരും മാറ്റുരയ്ക്കും. ജനുവരി 7 മുതൽ 13 വരെ നിയമസഭാ സമുച്ചയത്തിൽ നടക്കുന്ന അന്താരാഷ്ട്ര പുസ്തകമേളയുടെ മൂന്നാം പതിപ്പിന്റെ ഭാഗമായാണ് മാധ്യമ സ്ഥാപനങ്ങളുടെ നേതൃത്വത്തിലുള്ള മെഗാഷോകൾക്കും ഗാനസന്ധ്യകൾക്കും നൃത്താവിഷ്കാരങ്ങൾക്കുമൊപ്പം മന്ത്രിമാരും എം.എൽ.എ മാരും അണിനിരക്കുന്ന ലജിസ്ലേച്ചർ സ്റ്റാർ സിംഗർ ഒരുങ്ങുന്നത്. സമാപന ദിനത്തിലാണ് പരിപാടി.

ഉദ്ഘാടന ദിനത്തിലെ മെഗാ ഷോ 'ഈണ'ത്തിൽ റിമി ടോമി, രാജലക്ഷ്മി, ശ്രീനാഥ്, ശ്യാമപ്രസാദ്, കൗശിക്, വിനിത എന്നിവർ പങ്കെടുക്കും. പ്രശസ്ത സിനിമാതാരങ്ങളായ പ്രിയങ്കയും അങ്കിതയും സരീനാസ് സംഘവും നൃത്താവിഷ്കാരങ്ങളുമായി മേളയ്ക്ക് ചാരുതയേകും. രണ്ടാം ദിവസം തേക്കിൻകാട് ബാൻഡും ആട്ടം കലാസമിതിയും ഉൾപ്പെടെയുള്ളവർ പരിപാടി അവതരിപ്പിക്കും.

മൂന്നാം ദിവസത്തെ പ്രണയ ജീവകം മെഗാഷോയിൽ ഡോ.ബിനീത രഞ്ജിത്, ഷാ ആന്റ് ഷാൻ, ശ്രീലക്ഷ്മി ശങ്കർദേവ്, അസ്മിൻ, ഷിനുസത്യ എന്നിവർ വേദിയിലെത്തും. കൃഷ്ണപ്രഭയുടേയും കോക് ബാൻഡിന്റേയും മ്യൂസിക് ഇന്ത്യ സീസൺ 2 നാലാം ദിവസവും നജിം അർഷാദ്, മഹേഷ് കുഞ്ഞുമോൻ, ലിബിൻ, ശിഖ, ചിത്ര അരുൺ, വേദമിത്ര, അസ്ലം, മിഥുൻ രമേശ് എന്നിവർ ഭാഗമാകുന്ന ഹാർമോണിയസ് കേരള അഞ്ചാം ദിവസവും അരങ്ങിലെത്തും.

സ്റ്റീഫൻ ദേവസി ബാൻഡും ജി.വേണുഗോപാൽ, അരവിന്ദ് വേണുഗോപാൽ, പുഷ്പവതി, രേഷ്മ രാഘവേന്ദ്ര തുടങ്ങിയവർ ആറാം ദിനത്തിൽ സംഗീത സന്ധ്യ അവതരിപ്പിക്കും. ലജിസ്ലേച്ചർ സ്റ്റാർ സിംഗറും വിധു പ്രതാപ്, സിതാര കൃഷ്ണകുമാർ, രമ്യാ നമ്പീശൻ, മിഥുൻ, ഏഷ്യാനെറ്റ് സ്റ്റാർസിംഗർ സീസൺ 9 ഗായകരായ അരവിന്ദ്, നന്ദ, ദിഷ, ശ്രീരാഗ്, ബൽറാം, അനുശ്രീ, ബവിൻ, ഗോകുൽ എന്നിവരും സീരിയൽ താരങ്ങളായ ശ്രീകാന്ത്, ക്രിസ്സ് വേണുഗോപാൽ, പത്മ, യുവ, നിയാസ് ഖാൻ,ദേവി ചന്ദന, സെന്തിൽ എന്നിവരും ഗിരീഷ്, ബിപിൻ, ദീപൻ, സായ് കൃഷ്ണ, ഐശ്വര്യ, മൃദുല, ലക്ഷ്മി, അഞ്ജലി ഉൾപ്പെടുന്ന നൃത്ത സംഘവും സമാപന ദിനത്തിൽ ഉത്സവ ലഹരി പകരും.

കൈരളി, റിപ്പോർട്ടർ ടി.വി, ജീവൻ ടി.വി, ജനം ടി.വി, മാധ്യമം, മലയാള മനോരമ, ഏഷ്യാനെറ്റ് എന്നീ മാധ്യമ സ്ഥാപനങ്ങളാണ് ഏഴുദിവസത്തെ മെഗാഷോകൾ സംഘടിപ്പിക്കുന്നത്.

# ഊട്ടിയിൽ കനത്ത മഞ്ഞുവീഴ്ച; താപനില പൂജ്യത്തിൽ

**ഊട്ടി:** വൈകിയാണെങ്കിലും എത്തിയ കനത്ത മഞ്ഞുവീഴ്ച കാരണം ഊട്ടിയിൽ അതിശൈത്യം തുടരുന്നു. ഗൂഡല്ലൂർ റോഡിലെ തലക്കുന്ത, അവലാഞ്ചി തുടങ്ങിയ സ്ഥലങ്ങളിൽ താപനില പൂജ്യം ഡിഗ്രി സെൽഷ്യസ് രേഖപ്പെടുത്തി. റെയിൽവേ സ്റ്റേഷൻ പരിസരത്തും സമീപമുള്ള കുതിരപ്പന്തയ മൈതാനി, കാന്തൽ തുടങ്ങിയ സ്ഥലങ്ങളിലും ഇന്നലെ കനത്ത മഞ്ഞുവീഴ്ചയുണ്ടായി. ഊട്ടി സസ്യോദ്യാനത്തിൽ ഇന്നലെ രേഖപ്പെടുത്തിയ താപനില 2.4 ഡിഗ്രിയാണ്. മഞ്ഞുവീഴ്ച തുടരുന്നതു കാർഷിക മേഖലയ്ക്കു തിരിച്ചടിയാണ്. പുല്ലു കരിഞ്ഞു പോകുന്നതു കാരണം കന്നുകാലികൾക്കു ഭക്ഷണക്ഷാമമുണ്ട്. മഞ്ഞുവീഴ്ചയിൽ തേയിലച്ചെടികളും നശിക്കുന്നതു സാധാരണയാണ്. മഞ്ഞുവീഴ്ച കാണാൻ സഞ്ചാരികൾ എത്തിത്തുടങ്ങി.

# കൂടൽ സ്റ്റേഡിയം നിർമാണത്തിന് ഒരുകോടി രൂപ

**കോന്നി:** കൂടൽ സ്റ്റേഡിയം നിർമാണത്തിന് ഒരു കോടി രൂപ അനുവദിച്ചതായി കെ.യു. ജനീഷ് കുമാർ എംഎൽഎ അറിയിച്ചു. സംസ്ഥാന കായിക വകുപ്പിൻറെ നേതൃത്വത്തിൽ സ്പോർട്സ് കേരള ഫൗണ്ടേഷനാണ് സ്റ്റേഡിയം നിർമാണം നടത്തുന്നത്.

സംസ്ഥാന സർക്കാരിൻറെ ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി പ്രകാരമാണ് കൂടൽ സ്റ്റേഡിയം നിർമാണത്തിനു തുക അനുവദിച്ചത്. പ്രവൃത്തിയുടെ 50 ശതമാനം തുക സംസ്ഥാന കായിക വകുപ്പും 50 ശതമാനം തുക എംഎൽഎ, പഞ്ചായത്ത് ഫണ്ടുകളിൽനിന്നും ചെലവഴിക്കും.

ഒന്നര ഏക്കർ വിസ്തൃതിയുള്ള കൂടൽ സ്റ്റേഡിയം നവീകരിക്കണമെന്ന് ദീർഘനാളായുള്ള ആവശ്യമായിരുന്നു. ഒരു കോടി രൂപയ്ക്ക് നിർമിക്കുന്ന സ്റ്റേഡിയത്തിൽ ഫുട്ബോൾ മത്സരം നടത്താൻ അനുയോജ്യമായ മഡ് കോർട്ടാണ് നിർമിക്കുക.

സ്റ്റേഡിയത്തിൻറെ വശങ്ങളിൽ സ്റ്റെപ്പ് ഗാലറിയും ഓപ്പൺ ജിംനേഷ്യവും ടോയ്‌ലറ്റ് സമുച്ചയവും ഉണ്ടായിരിക്കും. വശങ്ങളിൽ കമ്പിവേലിയും സ്ഥാപിക്കും.സ്റ്റേഡിയത്തിൽ വെള്ളം കെട്ടി നിൽക്കാതിരിക്കാൻ ആവശ്യമായ ഡ്രെയിനേജ് സംവിധാനവും ഒരുക്കും. സ്റ്റേഡിയത്തിൽ നിലവിലുള്ള സ്റ്റേജ് നവീകരിക്കും.

61 മീറ്റർ നീളവും 42 മീറ്റർ വീതിയുമുള്ള മഡ് ഫുട്ബോൾ കോർട്ടാണ് നിർമിക്കുക.നിർമാണം വേഗത്തിൽ ആരംഭിക്കുന്നതിനു കായിക വകുപ്പിൻറെയും സ്പോർട്സ് കേരള ഫൗണ്ടേഷൻറെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് ആവശ്യമായ നിർദേശം നൽകുമെന്ന് കെ.യു. ജനീഷ് കുമാർ എംഎൽഎ അറിയിച്ചു.

# പാലക്കാട് ജില്ലാ ആശുപത്രി: ഒരു മാസത്തിനുള്ളിൽ നൽകിയത് 7200 ഏകീകൃത ആരോഗ്യ തിരിച്ചറിയൽ കാർഡ്

**പാലക്കാട്:** ജില്ലാ ആശുപത്രിയിൽ ഇ ഹെൽത്ത് പദ്ധതിയുടെ ഭാഗമായി ഒരു മാസത്തിനുള്ളിൽ 7200 പേർക്ക് ഏകീകൃത ആരോഗ്യ തിരിച്ചറിയൽ കാർഡ് (യുഎച്ച്ഐഡി) നൽകി. കഴിഞ്ഞ ഡിസംബർ ഒന്നു മുതലാണ് ആശുപത്രിയിൽ ചികിത്സയ്ക്ക് യുഎച്ച്ഐഡി കാർഡ് രീതി കൂടി നടപ്പാക്കിയത്. യുഎച്ച്ഐഡി ലഭിച്ചവർ തുടർചികിത്സയ്ക്കായി എത്തുമ്പോൾ കാ!ർഡ് കൂടി കൊണ്ടുവരണം. ഇല്ലെങ്കിൽ കാർഡ് നമ്പർ ഓർത്തുവയ്ക്കണം.

ചികിത്സയ്ക്ക് എത്തുന്നവർ ഇതുവരെ യുഎച്ച്ഐഡി കാർഡ് എടുത്തിട്ടില്ലെങ്കിൽ ഇത് എടുക്കാൻ ആശുപത്രിയിൽ സൗകര്യം ഒരുക്കിയിട്ടുണ്ട്. ഇതിനായി ആധാർ കാർഡ് കൊണ്ടുവരണം. ആധാറുമായി ബന്ധിപ്പിച്ച മൊബൈൽ ഫോൺ നമ്പറും വേണം. പകൽ രണ്ടിനു ശേഷമാണ് യുഎച്ച്ഐഡി കാർഡ് എടുത്തു കൊടുക്കുന്നത്. പരമാവധി പേർക്ക് കാർഡ് ലഭ്യമാക്കി ആശുപത്രി പൂർണമായും ഇ ഹെൽത്ത് സംവിധാനത്തിലേക്കു മാറ്റുന്നതിന്റെ ഭാഗമായാണു നടപടി.

ഓൺലൈൻ വഴിയും യുഎച്ച്ഐഡി കാർഡ് എടുക്കാം. ഇതിനായി ehealth.kerala.gov.in പോർട്ടലിൽ കയറി റജിസ്റ്റർ ലിങ്ക് ക്ലിക്ക് ചെയ്യണം. തുടർന്ന് ആധാർ നമ്പർ നൽകണം. തുടർന്ന് ആധാർ ലിങ്ക് ചെയ്ത മൊബൈൽ നമ്പറിൽ ഒടിപി വരും. ഈ ഒടിപി നൽകുമ്പോൾ ഓൺലൈൻ വ്യക്തിഗത ആരോഗ്യ തിരിച്ചറിയൽ നമ്പർ ലഭ്യമാകും. ആദ്യ തവണ ലോഗിൻ ചെയ്യുമ്പോൾ ഇത്തരത്തിലുള്ള 16 അക്ക വ്യക്തിഗത ആരോഗ്യ തിരിച്ചറിയൽ നമ്പറും പാസ്‌വേഡും മൊബൈലിൽ സന്ദേശമായി ലഭിക്കും. ഈ തിരിച്ചറിയൽ നമ്പറും പാസ്‌വേഡും ഉപയോഗിച്ച് ഇ ഹെൽത്ത് സംവിധാനം നടപ്പാക്കിയ സർക്കാർ ആശുപത്രികളിൽ ഒപി ടിക്കറ്റും ഡോക്ടറുടെ അപ്പോയ്മെന്റും എടുക്കാം.

തിരിച്ചറിയൽ നമ്പറും പാസ്‌വേഡും ഉപയോഗിച്ചു പോർട്ടലിൽ ലോഗിൻ ചെയ്തശേഷം ന്യൂ അപ്പോയിൻമെന്റിൽ ക്ലിക്ക് ചെയ്യണം.

റഫറൽ ആണെങ്കിൽ ആ വിവരം രേഖപ്പെടുത്തിയ ശേഷം ആശുപത്രി വിവരങ്ങളും ഡിപ്പാർട്മെന്റും നൽകുക. അപ്പോയിൻമെന്റ് തീയതി തിരഞ്ഞെടുക്കുമ്പോൾ ആ ദിവസത്തിൽ ലഭ്യമായ ടോക്കണുകൾ ദൃശ്യമാകും. സൗകര്യപ്രദമായ സമയത്തിനനുസരിച്ചുള്ള ടോക്കൺ എടുക്കാം. ഇതിന്റെ പ്രിന്റും എടുക്കാം. ടോക്കൺ വിവരങ്ങൾ എസ്എംഎസ് ആയും ലഭിക്കും. തുടർന്നു കൂടുതൽ പേർ ഓൺലൈൻ വഴി ഒപി ടിക്കറ്റ് എടുക്കുമെന്നാണു വിലയിരുത്തൽ. സംശയങ്ങൾക്ക് 104, 1056, 04712552056 ഫോൺ നമ്പറുകളിൽ വിളിക്കാം.



# ഉല്ലാസയാത്രകളിൽനിന്നു ലഭിച്ചത് 45.44 ലക്ഷം

**തൊടുപുഴ:** ബജറ്റ് ടൂറിസം സെല്ലിൻറെ ഭാഗമായി തൊടുപുഴയിൽനിന്നു കഴിഞ്ഞ വർഷം നടത്തിയ ഉല്ലാസയാത്രകളിൽനിന്നു കെഎസ്ആർടിസി നേടിയത് മികച്ച വരുമാനം. കഴിഞ്ഞ വർഷം 86 സർവീസുകളാണ് ബജറ്റ് ടൂറിസം സെല്ലിൻറെ ഭാഗമായി വിവിധ മേഖലകളിലേക്ക് തൊടുപുഴ ഡിപ്പോയിൽനിന്നു നടത്തിയത്. 3842 യാത്രക്കാരാണ് വിവിധ ഉല്ലാസയാത്രകളിൽ പങ്കെടുത്തത്. 45,44,910 രൂപയാണ് ഒരു വർഷത്തിനിടെ സംഘടിപ്പിച്ച ഉല്ലാസ യാത്രകളിൽനിന്നു ഡിപ്പോയ്ക്ക് നേടാനായത്.

ഈ വർഷം അന്തർ സംസ്ഥാന ഉല്ലാസ യാത്രകളും ഡിപ്പോയിൽനിന്നു സംഘടിപ്പിച്ചു. കന്യാകുമാരി, മധുര എന്നിവിടങ്ങളിലേക്കാണ് അന്തർസംസ്ഥാന യാത്ര നടത്തിയത്. വിനോദയാത്രയ്ക്കായി കുറഞ്ഞ നിരക്കിൽ വ്യത്യസ്ത പാക്കേജുകൾ ഒരുക്കുന്നതിനാൽ എല്ലാ സർവീസുകൾക്കും മുൻകൂർ ബുക്കിംഗ് നടത്തിയാണ് സഞ്ചാരികൾ കാത്തിരിക്കുന്നത്. പരമാവധി യാത്രക്കാരെ ഉല്ലാസയാത്രകളിൽ പങ്കെടുപ്പിക്കാൻ ജീവനക്കാരും മികച്ച പ്രവർത്തനമാണ് നടത്തുന്നത്. കൂടുതൽ പേരും കുടുംബസമേതമാണ് യാത്രകളിൽ പങ്കാളികളാകുന്നത്. കൂടാതെ സംഘമായി ട്രിപ്പ് ബുക്ക് ചെയ്യുന്നവരുമുണ്ടെന്ന് ഡിപ്പോ അധികൃതർ പറഞ്ഞു.

സൂപ്പർഫാസ്റ്റ്, ഫാസ്റ്റ് പാസഞ്ചർ ബസുകളിൽ അടിപൊളി യാത്രയും വിനോദ സഞ്ചാരകേന്ദ്രങ്ങളിലെ ഫീസ് നിരക്കുകളും ഭക്ഷണവും ഉൾപ്പെടെയുള്ള പാക്കേജുകളാണ് യാത്രക്കാർക്കായി ഒരുക്കുന്നത്. ഉല്ലാസക്കപ്പൽ യാത്ര, ജംഗിൾ സഫാരി, കടൽ, കായൽ സവാരി, തീർഥാടന കേന്ദ്രങ്ങളിലെ സന്ദർശനം തുടങ്ങി വ്യത്യസ്ത തരം ടൂർ പാക്കേജുകളാണ് കെഎസ്ആർടിസി ഒരുക്കുന്നത്. ഏകദിന പാക്കേജാണ് കൂടുതലും നടത്തുന്നത്.

ഇതിനു പുറമേ ഓണക്കാലത്ത് ആറൻമുള വള്ള സദ്യയിൽ പങ്കെടുക്കാനും സർവീസ് നടത്തിയിരുന്നു. സംസ്ഥാന ജലഗതാഗത വകുപ്പിൻറെ സീ അഷ്ടമുടിയിൽ കായലിലൂടെയുള്ള ഉല്ലാസയാത്രാ പാക്കേജും സീ കുട്ടനാട് എന്ന ബോട്ടിൽ പുന്നമടക്കായലിലൂടെ ആലപ്പുഴയുടെ ദൃശ്യമനോഹാരിത വീക്ഷിക്കാനുള്ള പാക്കേജും ഒരുക്കുന്നുണ്ട്. ഗവിയിലേക്കും പ്രത്യേക പാക്കേജ് ഒരുക്കിയിട്ടുണ്ട്. തൊടുപുഴ ഡിപ്പോയിൽനിന്നു കോന്നി അടവിയിലെത്തി ഇവിടെ കുട്ടവഞ്ചി സവാരി ആസ്വദിച്ച ശേഷമാണ് ഗവി യാത്ര.

ഫാസ്റ്റ് പാസഞ്ചർ ബസുകൾ റോഡിന് പര്യാപ്തമല്ലാത്തതിനാൽ ചെറിയ ഓർഡിനറി ബസിലാണ് യാത്ര ഒരുക്കുന്നത്. സൈലൻറ് വാലിയിലേക്കും സർവീസ് ആരംഭിച്ചിട്ടുണ്ട്. സീ കൊച്ചി എന്ന പേരിൽ പുതിയ സർവീസും ഡിപ്പോയിൽനിന്നു കഴിഞ്ഞ മാസം ആരംഭിച്ചിരുന്നു. കൊച്ചി നഗരത്തെയും കായലിനെയും പൂർണമായും ആസ്വദിക്കത്തക്ക വിധത്തിൽ സൂര്യാംശു എന്ന ബോട്ടിലാണ് വൈപ്പിൻ, മട്ടാഞ്ചേരി, ഫോർട്ടുകൊച്ചി, ബോൾഗാട്ടി എന്നിവിടങ്ങളെ ബന്ധിപ്പിച്ചുള്ള കായൽ യാത്ര.

ഇതിനു പുറമേ പാഞ്ചാലിമേട്, തേക്കടി, രാമക്കൽമേട് എന്നീ വിനോദ സഞ്ചാര കേന്ദ്രങ്ങളെ ബന്ധിപ്പിച്ച് പുതിയ പാക്കേജും ആരംഭിക്കും. ഉരുൾപൊട്ടൽ ദുരന്തത്തിൻറെ പശ്ചാത്തലത്തിൽ നിർത്തിവച്ചിരുന്ന വയനാടൻ യാത്രയും ഉടൻ ആരംഭിക്കും. ജംഗിൾ സഫാരി ഉൾപ്പെടെയാണ് വയനാടൻ യാത്രയിൽ ക്രമീകരിച്ചിരിക്കുന്നത്. കൂടാതെ വാഗമൺ, മൂന്നാർ, മലക്കപ്പാറ, ചതുരംഗപ്പാറ മെട്ട് തുടങ്ങിയ വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്കും ഉല്ലാസയാത്ര നടത്തിവരുന്നുണ്ട്. സെൻട്രൽ സോണിൽ ബജറ്റ് ടൂറിസം യാത്രകളിലൂടെ ഏറ്റവും കൂടുതൽ വരുമാന നേട്ടമുണ്ടാക്കിയതും തൊടുപുഴ കെഎസ്ആർടിസി ഡിപ്പോയാണ്. ജില്ലയിൽ മൂന്നാർ, കട്ടപ്പന, നെടുങ്കണ്ടം, കുമളി, മൂലമറ്റം എന്നിവിടങ്ങളിൽനിന്നു ബജറ്റ് ടൂറിസത്തിൻറെ ഭാഗമായി ഉല്ലാസയാത്രകൾ സംഘടിപ്പിക്കുന്നുണ്ട്.

# കേന്ദ്രീകൃത പെൻഷൻ പേയ്മെന്റ് സിസ്റ്റം ഇന്ത്യയിലെ എല്ലാ ഇപിഎഫ്ഒ പ്രാദേശിക ഓഫീസുകളിലും നടപ്പാക്കി

**ന്യൂഡെൽഹി:** പെൻഷൻ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഒരു പ്രധാനപ്പെട്ട ചുവടുവയ്പ്പായി, ഇപിഎഫ്ഒ 1995 ലെ എംപ്ലോയീസ് പെൻഷൻ സ്കീമിന്റെ ഭാഗമായി കേന്ദ്രീകൃത പെൻഷൻ പേയ്മെന്റ് സിസ്റ്റം 2024 ഡിസംബറിൽ പൂർണമായും നടപ്പിലാക്കി. 2024 ഡിസംബറിനായുള്ള പെൻഷനായി ഏകദേശം 1570 കോടി 68 ലക്ഷത്തിലധികം പെൻഷൻ ധാരികൾക്ക് 122 ഇപിഎഫ്ഒ പ്രാദേശിക ഓഫീസുകൾ വഴി വിതരണം ചെയ്തു.

കേന്ദ്രീകൃത പെൻഷൻ പേയ്മെന്റ് സിസ്റ്റത്തിന്റെ ആദ്യ പൈലറ്റ് പദ്ധതി 2024 ഒക്ടോബറിൽ കർണാൽ, ജമ്മു, ശ്രീനഗർ പ്രാദേശിക ഓഫീസുകളിൽ വിജയകരമായി പൂർത്തിയാക്കിയിരുന്നു. 49,000ത്തിലധികം പെൻഷൻധാരികൾക്ക് ഏകദേശം 11 കോടി വിതരണം ചെയ്തു. 2024 നവംബറിൽ 24 പ്രാദേശിക ഓഫീസുകളിൽ രണ്ടാം പൈലറ്റ് പദ്ധതി നടപ്പാക്കി, 9.3 ലക്ഷം പെൻഷൻധാരികൾക്ക് ഏകദേശം 213 കോടി വിതരണം ചെയ്തു.

വിജയകരമായ നടപ്പാക്കൽ പ്രഖ്യാപിച്ചുകൊണ്ട് കേന്ദ്രമന്ത്രി ഡോ. മൻസുഖ് മാണ്ഡവിയ പറഞ്ഞു, 'കേന്ദ്രീകൃത പെൻഷൻ പേയ്മെന്റ് സിസ്റ്റത്തിന്റെ പൂർണ്ണമായ നടപ്പാക്കൽ ഒരു ചരിത്രപരമായ നാഴികക്കല്ലാണ്. ഈ മാറ്റത്തിനാൽ പെൻഷൻധാരികൾക്ക് രാജ്യത്തെ ഏതൊരു ബാങ്കിൽ നിന്നും, ഏതൊരു ശാഖയിൽ നിന്നും, എവിടെനിന്നും പെൻഷൻ ലഭ്യമാക്കാൻ സാധിക്കും. ബാങ്ക് സന്ദർശനങ്ങൾ ആവശ്യമില്ലാതാക്കുകയും പെൻഷൻ വിതരണം ലളിതമാക്കുകയും ചെയ്യുന്നു. ഇജജ ട, ഇപിഎഫ്ഒ സേവനങ്ങൾ ആധുനികമാക്കുന്നതിനും പെൻഷൻധാരികൾക്ക് സൗകര്യം, സുതാര്യത, കാര്യക്ഷമത എന്നിവ ഉറപ്പാക്കുന്നതിനുള്ള നമ്മുടെ പ്രതിബദ്ധതയുടെ ഉദാഹരണമാണ്.'

കേന്ദ്രീകൃത പെൻഷൻ പേയ്മെന്റ് സിസ്റ്റം നിലവിലുള്ള മേഖലാ ധിഷ്ഠിത പെൻഷൻ വിതരണം വ്യവസ്ഥയിൽ നിന്നുള്ള ഒരു വലിയ മാറ്റമാണ്. നിലവിൽ, ഓരോ ഇപിഎഫ്ഒ പ്രാദേശിക ഓഫീസുകളും 3 4 ബാങ്കുകളുമായി മാത്രം കരാറുകൾ നടത്തുകയും ചെയ്യുന്നു. പെൻഷൻധാരികൾക്ക് ഏതൊരു ബാങ്കിൽ നിന്നുമുള്ള സേവനം ലഭ്യമാകും, കൂടാതെ പെൻഷൻ ആരംഭിക്കുമ്പോൾ ബാങ്കിൽ സ്ഥിരീകരണത്തിനായി പോകേണ്ടതില്ല. പെൻഷൻ റിലീസ് ചെയ്ത ഉടൻ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യും.2025 ജനുവരി മുതൽ കേന്ദ്രീകൃത പെൻഷൻ പേയ്മെന്റ് സിസ്റ്റം പെൻഷൻധാരികൾക്ക് അവരുടെ ഇടംമാറ്റങ്ങൾക്കോ ബാങ്ക്/ശാഖ മാറ്റങ്ങൾക്കോ പെൻഷൻ പേയ്മെന്റ് ഓർഡറുകൾ മാറ്റേണ്ട ആവശ്യം ഇല്ലാതെ ഇന്ത്യയൊട്ടാകെ പെൻഷൻ വിതരണം ഉറപ്പാക്കും. വിരമിച്ച ശേഷം സ്വദേശത്തേക്ക് മാറുന്ന പെൻഷൻധാരികൾക്ക് ഇത് വലിയ ആശ്വാസമാകും.ഇപിഎഫ്ഒ തുടർച്ചയായി പെൻഷൻധാരികൾക്ക് മികച്ച സേവനങ്ങൾ നൽകാൻ പ്രവർത്തിച്ചു കൊണ്ടിരിക്കുകയാണ്. കേന്ദ്രീകൃത പെൻഷൻ പേയ്മെന്റ് സിസ്റ്റം ഈ ദിശയിൽ ഒരു പ്രധാനപ്പെട്ട പരിഷ്കാരമാണ്.

# സംസ്ഥാന സ്കൂൾ കലോത്സവം സുസജ്ജമായി ആരോഗ്യ വകുപ്പും: മന്ത്രി വീണാ ജോർജ്

**തിരുവനന്തപുരം:** സംസ്ഥാന സ്കൂൾ കലോത്സവത്തോടനുബന്ധിച്ച് വിപുലമായ ആരോഗ്യ സേവനങ്ങൾ സജ്ജമാക്കിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. കലോത്സവം പൂർണമാകുന്നത് വരെ അടിയന്തര ഘട്ടത്തിൽ വൈദ്യസഹായം നൽകുന്നതിനായി പ്രധാന വേദികളിൽ മെഡിക്കൽ സംഘത്തേയും എല്ലാ വേദികളിലും ഫസ്റ്റ് എയ്ഡ് ടീമിനേയും കനിവ് 108 ഉൾപ്പെടെയുള്ള ആംബുലൻസുകളും സജ്ജമാക്കിയിട്ടുണ്ട്. ഡോക്ടർ, നഴ്സിംഗ് ഓഫീസർ, നഴ്സിംഗ് അസിസ്റ്റന്റ് / ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് 1 എന്നിവർ മെഡിക്കൽ ടീമിൽ ഉണ്ടാകും. ഫസ്റ്റ് എയ്ഡ് ടീമിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്, മിഡ് ലെവൽ സർവീസ് പ്രൊവൈഡർ, ആശാ വർക്കർ എന്നിവരുണ്ടാകും. എന്തെങ്കിലും ബുദ്ധിമുട്ടുകൾ അനുഭവപ്പെടുകയാണെങ്കിൽ ആരോഗ്യ വകുപ്പിന്റെ സേവനം തേടാം. കലോത്സവത്തിൽ പങ്കെടുക്കുന്ന എല്ലാ കുട്ടികൾക്കും മന്ത്രി ആശംസകൾ നേർന്നു.

സ്കൂൾ കലോത്സവത്തോടനുബന്ധിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ജില്ലാ മെഡിക്കൽ ഓഫീസിൽ ആരോഗ്യ വകുപ്പിന്റെ കൺട്രോൾ റൂം ആരംഭിച്ചു. അടിയന്തര ഘട്ടത്തിൽ 9072055900 എന്ന നമ്പരിൽ കൺട്രോൾ റൂമുമായി ബന്ധപ്പെടാം.

ഭക്ഷ്യ സുരക്ഷ ഉറപ്പ് വരുത്തുന്നതിനായി ഭക്ഷ്യ സുരക്ഷാ വകുപ്പും പ്രത്യേക ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. സ്കൂൾ കലോത്സവത്തോടനുബന്ധിച്ച് വേദികളിലേയും പരിസരങ്ങളിലേയും ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, ബേക്കറികൾ, മറ്റ് ഭക്ഷ്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പ്രത്യേകം പരിശോധന നടത്തും. പകലും രാത്രിയിലും പരിശോധനകൾ നടത്തുന്നതിനായി പ്രത്യേക സ്‌ക്വാഡുകളെ നിയോഗിച്ചിട്ടുണ്ട്. ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ സഞ്ചരിക്കുന്ന ഭക്ഷ്യ സുരക്ഷാ ലബോറട്ടറിയും സജ്ജമാക്കി. വീഴ്ചകൾ കണ്ടെത്തുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമെന്ന് മന്ത്രി അറിയിച്ചു. കുട്ടികൾക്ക് കുടിക്കാനായി ശുദ്ധജലം നൽകണമെന്നും നിർദേശിച്ചിട്ടുണ്ട്.

# സ്കൂൾ കലോത്സവം: പഴയിടം രുചിയുമായി ഭക്ഷണപ്പുര ഒരുങ്ങി

**തിരുവനന്തപുരം:** സംസ്ഥാന സ്കൂൾ കലോത്സവത്തിന് ഇത്തവണവും രുചിമേളം ഒരുക്കി പഴയിടം മോഹനൻ നമ്പൂതിരി. ഭക്ഷണപ്പുരയുടെ പാലുകാച്ചലിന് എത്തിയ മന്ത്രിമാരായ വി ശിവൻകുട്ടി, ജി ആർ അനിൽ, മറ്റ് വിശിഷ്ടാതിഥികൾ, മാധ്യമപ്രവർത്തകർ എന്നിവർക്ക് തന്റെ സ്പെഷ്യൽ പായസം നൽകി പഴയിടം കർമ്മനിരതനായി. മുൻ വർഷത്തിൽ നിന്നും വ്യത്യസ്തമായിരിക്കും ഇത്തവണത്തെ രുചികൾ. ഓരോ തവണയും ഓരോ സ്പെഷ്യലാണ്. മനസ്സും വയറും നിറയ്ക്കുന്ന രീതിയിൽ ഭക്ഷണരുചികൾ ഒരുക്കും, എന്നാൽ സ്പെഷ്യൽ വിഭവം ഏതെന്ന് ഇപ്പോൾ പറയുന്നില്ല, ഭക്ഷണം കഴിച്ചു മനസിലാക്കട്ടെ പഴയിടം പറഞ്ഞു.

2006 ലെ സംസ്ഥാന സ്കൂൾ കലോത്സവം മുതൽ പഴയിടം മോഹനൻ നമ്പൂതിരിയും കൂട്ടരുമാണ് ഭക്ഷണപ്പുരയുടെ ചുമതല വഹിക്കുന്നത്. സംസ്ഥാന സ്കൂൾ കായികമേളയ്ക്ക് 14 തവണയും സ്കൂൾ ശാസ്ത്രമേളയ്ക്ക് 15 തവണയും പഴയിടം ഭക്ഷണം ഒരുക്കിയിട്ടുണ്ട്.

ഭക്ഷണപ്പുരയിൽ ദിവസവും നാൽപ്പതിനായിരം പേർക്ക് ഭക്ഷണമൊരുക്കും. രാത്രിയിലെ അത്താഴം മുതൽ ഭക്ഷണശാല പ്രവർത്തനസജ്ജമാകും. മൂന്ന് നേരവും ഭക്ഷണമുണ്ടാകും. പതിനായിരം പേർക്ക് പ്രഭാത ഭക്ഷണവും ഇരുപതിനായിരം പേർക്ക് ഉച്ചഭക്ഷണവും പതിനായിരം പേർക്കുള്ള അത്താഴവും ഭക്ഷണപ്പുരയിൽ തയ്യാറാക്കും. മൂന്ന് നേരവും ഇലയിലാണ് ഭക്ഷണം നൽകുന്നത്. വ്യത്യസ്തമായ പ്രഭാത ഭക്ഷണമാണ് ഓരോ ദിവസവും നൽകുക.

ഉച്ചയ്ക്കുള്ള സദ്യയ്ക്ക് പത്രണ്ടു കറികളും പായസവുമുണ്ട്. തിരുവനന്തപുരം ജില്ലയിലെ സ്കൂളുകളിൽനിന്ന് സമാഹരിച്ച ഭക്ഷ്യവിഭവങ്ങൾ കഴിഞ്ഞ ദിവസം ഭക്ഷണപ്പുരയിൽ എത്തിച്ചിട്ടുണ്ട്.

ഭക്ഷണപ്പുരയുടെ സജ്ജീകരണങ്ങളിൽ പൂർണ്ണമായും തൃപ്തനാണെന്ന് പഴയിടം പറഞ്ഞു. എല്ലാ ജില്ലകളിൽ നിന്നുമുള്ളവർക്ക് ഇഷ്ടപ്പെടുന്ന രുചികളാവും ഉണ്ടാവുക. അതിനായി നല്ലൊരു മെനു ഒരുക്കിയിട്ടുണ്ട്.

പുത്തരിക്കണ്ടം മൈതാനത്ത് തയ്യാറാക്കിയിട്ടുള്ള നെയ്യാർ പന്തലിൽ ഒരേ സമയം 4,000 പേർക്ക് ഇരുന്ന് ഭക്ഷണം കഴിക്കാൻ സൗകര്യമുണ്ട്. 200 പേർക്ക് ഇരിക്കാവുന്ന 20 നിരകളാണ് ക്രമീകരിച്ചിട്ടുള്ളത്. അധ്യാപകരും വിദ്യാർത്ഥികളും സ്കൗട്ട് ആൻഡ് ഗൈഡ് അംഗങ്ങളുമുൾപ്പടെ 350 പേർ ഭക്ഷണം വിളമ്പാനുണ്ട്. അധ്യാപക സംഘടനയായ കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷനാണ് ഭക്ഷണ കമ്മിറ്റിയുടെ പൊതു ചുമതല.

# എറണാകുളം ശ്രീ അയ്യപ്പൻ കോവിലിൽ മകരവിളക്ക് മഹോത്സവം 8 മുതൽ



**കൊച്ചി:** എറണാകുളം ശ്രീ അയ്യപ്പൻകോവിലിലെ മകരവിളക്ക് മഹോത്സവം എട്ടിന് തുടങ്ങും. എട്ടിന് രാവിലെ ഏഴ് മണിക്ക് സമ്പൂർണ്ണ നാരായണീയ പാരായണം. ഉച്ചയ്ക്ക് 12 മുതൽ പ്രസാദ ഊട്ട്. 2 മണിക്ക് അയ്യപ്പ ചരിതം പാരായണം. വൈകിട്ട് ഏഴിന് ദീപാരാധന. രാത്രി 7.30 നും 8 നും മധ്യേ കെ ജി ശ്രീനിവാസൻ തന്ത്രിയുടെ മുഖ്യ കാർമികത്വത്തിൽ തൃക്കൊടിയേറ്റ് നടക്കും. തുടർന്ന് ഭക്തിഗാനമേള. രാത്രി എട്ടിന് ക്ഷേത്രമൈതാനിയിൽ ശ്രീ ഗുരുവായൂരപ്പനും പൂന്താനവും എന്ന പുരാണ നാടകം അരങ്ങേറും.

രണ്ടാം ദിവസമായ 9 ന് പുലർച്ചെ നാലിന് പള്ളിയുണർത്തൽ, അഞ്ചിന് നിർമാല്യം. ക്ഷേത്രാങ്കണത്തിൽ രാവിലെ ഏഴിന് നാരായണീയ പാരായണം, ഉച്ചയ്ക്ക് രണ്ടിന് അയ്യപ്പചരിത പാരായണം, വൈകിട്ട് അഞ്ചരയ്ക്ക് ഭക്തിഗാനതരംഗിണി, രാത്രി ഒൻപതിന് സ്വരരാഗതരംഗ്. ക്ഷേത്രമൈതാനിയിൽ രാത്രി ഏഴിന് ഗാനമേള.

മൂന്നാം ദിവസമായ 10 ന് രാവിലെ ഏഴിന് പഞ്ചരത്ന കീർത്തനാലാപനം, ഉച്ചയ്ക്ക് രണ്ടിന് അയ്യപ്പചരിത പാരായണം. വൈകിട്ട് അഞ്ചരയ്ക്ക് സംഗീതക്കച്ചേരി. രാത്രി ഏഴിന് താലം വരവ്, ഒൻപതിന് ഡബിൾ തായമ്പക. ക്ഷേത്രമൈതാനിയിൽ വൈകിട്ട് ഏഴിന് നാടകം അനന്തരം.

11 ന് രാവിലെ എട്ടിന് സംഗീതാർച്ചന. രാവിലെ പതിനൊന്നരയ്ക്ക് മധ്യാഹ്നപൂജ തുടർന്ന് പുഷ്പാഭിഷേകം. രാത്രി ഏഴിന് താലം വരവ്. വൈകിട്ട് അഞ്ചരയ്ക്ക് ശ്രുതിലയസംഗമം, രാത്രി ഒൻപതരയ്ക്ക് പഞ്ചമദ്ദളകേളി. ക്ഷേത്ര മൈതാനിയിൽ രാത്രി ഏഴിന് നാടൻപാട്ട്.

12 ന് രാവിലെ ഏഴിന് ക്ഷേത്രാങ്കണത്തിൽ കാഴ്ചശ്രീബലി. വൈകിട്ട് അഞ്ചിന് ശീതങ്കൻ തുള്ളൽ, ആറിന് മോഹിനിയാട്ടം, ക്ഷേത്രമൈതാനിയിൽ വൈകിട്ട് നാലിന് വടക്കുംഭാഗം പൂരം, വൈകിട്ട് അഞ്ചിന് തിരുവാതിരകളി,ആറിന് നൃത്തസന്ധ്യ.

13 നു പള്ളിവേട്ട മഹോത്സവം നടക്കും. രാവിലെ ഏഴിന് കാഴ്ച്ചശ്രീബലി തുടർന്ന് ശീവേലി. വൈകിട്ട് അഞ്ചിന് ചാക്യാർകൂത്ത്, ആറിന് കുടുക്കവീണ, ഒൻപതിന് കുറത്തിയാട്ടം. ക്ഷേത്രമൈതാനിയിൽ വൈകിട്ട് നാലിന് തെക്കുംഭാഗം പൂരം. അഞ്ചിന് തിരുവാതിരകളി, തുടർന്ന് നൃത്തനൃത്തങ്ങൾ നടക്കും. രാത്രി പന്ത്രണ്ടിന് പള്ളിവേട്ട.

14 ന് ആറാട്ട് മഹോത്സവ ദിനത്തിൽ രാവിലെ അഞ്ചിന് പള്ളിയുണർത്തൽ. തുടർന്ന് അഭിഷേകം. രാവിലെ എട്ടിന് കാഴ്ചശ്രീബലി തുടർന്ന് ശീവേലി. വൈകിട്ട് അഞ്ചിന് ഓട്ടൻതുള്ളൽ,ആറിന് നാദസ്വര കച്ചേരി. ക്ഷേത്രമൈതാനിയിൽ വൈകിട്ട് നാലിന് പകൽപ്പൂരം.

15 ന് പുലർച്ചെ രണ്ടരയ്ക്ക് ആറാട്ട് പുറപ്പാട്, തുടർന്ന് ആറാട്ടെഴുന്നള്ളിപ്പ്. രാവിലെ 6.45 നു കൊടിയിറക്കൽ.

# ബ്രെയിൽ സാക്ഷരതാ പരിപാടിക്കും അന്ധക്ഷേമ പക്ഷാചരണത്തിനും തുടക്കം

**കൊച്ചി:** അടിസ്ഥാന വിദ്യാഭ്യാസം നൽകി കാഴ്ച പരിമിതി ഉള്ളവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൈ പിടിക്കാൻ ദീപ്തി ബ്രെയിലി സാക്ഷരതാ പദ്ധതിയുടെ ക്ലാസുകൾ ജില്ലയിൽ ആരംഭിച്ചു. കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് പോത്താനിക്കാട് വനിതകൾക്കായി നടത്തുന്ന വൊക്കേഷണൽ പരിശീലന കേന്ദ്രത്തിൽ എറണാകുളം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ ബ്രെയിൽ സാക്ഷരതാ ക്ലാസുകളുടെയും, അന്ധക്ഷേമ പക്ഷാചരണത്തിന്റെയും ജില്ലാതല ഉദ്ഘാടനം നിർവഹിച്ചു. പഠിതാക്കൾക്ക് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ബ്രെയിൽ പഠനോപകരണങ്ങൾ വിതരണം ചെയ്തു.

മികച്ച പ്രകടനം കാഴ്ചവച്ച തുല്യത സെന്റർ കോഡിനേറ്റർമാരെ പ്രസിഡന്റ് ചടങ്ങിൽ ആദരിച്ചു. പോത്താനിക്കാട് പഞ്ചായത്ത് പ്രസിഡന്റ് സജി കെ വർഗീസ് അധ്യക്ഷത വഹിച്ചു. കേരള ഫെഡറേഷൻ ഓഫ് ബ്ലൈൻഡ് ജില്ലാ പ്രസിഡന്റ് വി.കെ ശ്രീജിത്ത് പദ്ധതി വിശദീകരണം നടത്തി, ഫെഡറേഷൻ സ്ഥാപക പ്രസിഡന്റ് വി എ ജോസ് ലൂയി ബ്രെയിൽ ദിന സന്ദേശം നൽകി. ചടങ്ങിന് ആശംസകൾ അർപ്പിച്ചു ജില്ലാ പഞ്ചായത്ത് അംഗം റാണിക്കുട്ടി ജോർജ്, പോത്താനിക്കാട് പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ആശ ജിമ്മി, വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മറ്റി ചെയർപേഴ്സൺ ഫിജിന അലി, പഞ്ചായത്ത് സെക്രട്ടറി അനിൽകുമാർ, മുൻ പഞ്ചായത്ത് പ്രസിഡണ്ട് എൻ എം ജോസഫ്,ബോബി എബ്രഹാം തുടങ്ങിയവർ സംസാരിച്ചു. ജില്ലാ സാക്ഷരതാ മിഷൻകോഓർഡിനേറ്റർ വിവി ശ്യാംലാൽ സ്വാഗതവും, കോഓർഡിനേറ്റർ നിർമ്മല റേച്ചൽ ജോയ് നന്ദിയും പറഞ്ഞു. ഉദ്ഘാടന ചടങ്ങിനു ശേഷം ബ്രയിൽ പഠിതാക്കളുടെ വിവിധ മത്സരങ്ങൾ നടത്തി പ്രോത്സാഹന സമ്മാനങ്ങൾ നൽകി. സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുടെ നേതൃത്വത്തിൽ, ജില്ലാ പഞ്ചായത്തിന്റെയും, മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും, ഫെഡറേഷൻ ഓഫ് ബ്ലൈൻഡ് ടീച്ചേഴ്സ് ഫോറത്തിന്റെയും സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്.

# എ വൺ സ്റ്റീൽസ് ഇന്ത്യ ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** മുൻനിര ഉരുക്ക് ഉത്പാദന കമ്പനികളിലൊന്നായ എ വൺ സ്റ്റീൽസ് ഇന്ത്യ ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപന യ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരട്രേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു. പത്ത് രൂപ മുഖവിലയുള്ള ഓഹരികളുടെ ഐപിഒയിലൂടെ 650 കോടി രൂപ സമാഹരിക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്. 600 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും നിലവിലുള്ള ഓഹരിഉടമകളുടെ 50 കോടി രൂപയുടെ ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും.

പിഎൽ ക്യാപിറ്റൽ മാർക്കറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ്, ഖംബട്ട സെക്യൂരിറ്റീസ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

## പുതുവത്സരത്തിലും വില്പനക്കുതിപ്പുമായി ക്രിസ്തുമസ് നവവത്സര ബമ്പർ

**തിരുവനന്തപുരം:** 2025 ന്റെ തുടക്കത്തിലും വില്പനയിൽ കുതിപ്പു തുടർന്ന് ക്രിസ്തുമസ് നവവത്സര ബമ്പർ ഭാഗ്യക്കുറി. മുപ്പത് ലക്ഷം ടിക്കറ്റുകളാണ് ആദ്യഘട്ടത്തിൽ വിതരണത്തിനു നൽകിയിരുന്നത്. അതിൽ ജനുവരി 03 വരെ 20, 73 , 230 ടിക്കറ്റുകളും വിറ്റുപോയി. കഴിഞ്ഞ മാസം 17 നാണ് ബമ്പർ ടിക്കറ്റു വില്പന തുടങ്ങിയത്.

സമ്മാനഘടനയിൽ വരുത്തിയ ആകർഷകമായ മാറ്റമാണ് വില്പന കുതിച്ചുയരാൻ കാരണമായത് എന്നാണ് പൊതുവേയുള്ള വിലയിരുത്തൽ. 20 കോടി രൂപയാണ് ഒന്നാം സമ്മാനമായി നൽകുന്നത്. 20 പേർക്ക് ഒരു കോടി വീതം രണ്ടാം സമ്മാനവും നൽകുന്നുണ്ട്. ടിക്കറ്റു വില്പനയിൽ നിലവിൽ ഒന്നാം സ്ഥാനത്തുള്ളത് പാലക്കാട് ജില്ലയാണ്. 4,32,900 ടിക്കറ്റുകളാണ് പാലക്കാട് ഇതിനോടകം വിറ്റഴിച്ചത്. 2,34,430 ടിക്കറ്റുകൾ വിറ്റ് തിരുവനന്തപുരം ജില്ല രണ്ടാമതും 2,14,120 ടിക്കറ്റുകൾ വിറ്റ് തൃശൂർ ജില്ല മൂന്നാം സ്ഥാനത്തുമുണ്ട്.

400 രൂപ വിലയുള്ള ക്രിസ്തുമസ് നവവത്സര ബമ്പറിന്റെ നറുക്കെടുപ്പ് ഫെബ്രുവരി അഞ്ചിന് നടക്കും.



## സ്കൈലൈൻ ബിൽഡേഴ്സ് കണ്ണൂരിൽ പുതിയ ഓഫീസ് തുറന്നു

**കണ്ണൂർ:** പ്രമുഖ റിയൽ എസ്റ്റേറ്റ് ബിൽഡറായ സ്കൈലൈൻ ബിൽഡേഴ്സിൻറെ കണ്ണൂരിലെ പുതിയ ഓഫീസ് പ്രവർത്തനമാരംഭിച്ചു.

സ്കൈലൈൻ ബിൽഡേഴ്സ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ കെ.വി. അബ്ദുൾ അസീസ്, സ്കൈലൈൻ എക്സിക്യൂട്ടീവ് ഡയറക്ടർ സഹൽ അസീസ് എന്നിവർ ചേർന്നാണ് ഉദ്ഘാടനം നിർവഹിച്ചത്. കണ്ണൂർ മേലെചൊവ്വയിൽ എളയാവൂർ വില്ലേജ് ഓഫീസിനു സമീപമുള്ള സ്കൈലൈൻ വിംഗ്സിലാണ് പുതിയ ഓഫീസ് തുറന്നത്.

ഇന്ത്യയിലെ ഏറ്റവും മൂല്യമുള്ള 100 റിയൽ എസ്റ്റേറ്റ് ബ്രാൻഡുകളെ തെരഞ്ഞെടുത്ത ഹുറൂൺ ഇന്ത്യ റേറ്റിംഗ്സിൽ കേരളത്തിൽ നിന്ന് ഒന്നാം സ്ഥാനം നേടിയ ബ്രാൻഡാണു സ്കൈലൈൻ ബിൽഡേഴ്സ്. പൂർത്തിയാക്കിയ 151 പ്രോജക്ടുകൾക്കുപുറമെ കേരളമൊട്ടാകെ 13 ഓളം പ്രോജക്ടുകൾ പണിപ്പുരയിലുണ്ട്.

ഈയിടെ ദുബായിൽ ആരംഭിച്ച പുതിയ പ്രോജക്ട് വളരെ വേഗത്തിലാണ് വിറ്റഴിഞ്ഞത്. സ്കൈലൈൻ ബിൽഡേഴ്സിൻറെ ദുബായിലെ രണ്ടാമത്തെ പ്രോജക്ട് ഉടൻ തന്നെ ആരംഭിക്കും. സ്കൈലൈൻ ബിൽഡേഴ്സിൻറെ കോർപറേറ്റ് ഓഫീസ് കൊച്ചിയിലാണ് സ്ഥിതിചെയ്യുന്നത്.

# പുതിയ 2025 ഹോണ്ട ആക്ടിവ 125 പുറത്തിറക്കി ഹോണ്ട മോട്ടോർസൈക്കിൾ & സ്കൂട്ടർ ഇന്ത്യ

**ഗുരുഗ്രാം:** ഹോണ്ട മോട്ടോർസൈക്കിൾ&സ്കൂട്ടർ ഇന്ത്യ പുതിയ ഒബിഡി2ബിനിബന്ധനകൾ പാലിക്കുന്ന ആക്ടിവ 125 പതിപ്പ് പുറത്തിറക്കി ഹോണ്ട മോട്ടോർസൈക്കിൾ & സ്കൂട്ടർ ഇന്ത്യ. ആകർഷകമായ പുതിയ നിറങ്ങളും ആധുനിക ഫീച്ചറുകളുമാണ് ആക്ടിവയുടെ പുതിയ പതിപ്പിന്റെ പ്രത്യേകതകൾ. തുടക്ക വില 94,422 രൂപയാണ്. ഒബിഡി2ബി നിബന്ധന പാലിക്കുന്ന 123.92 സിസി, സിംഗിൾസിലിണ്ടർ പിജിഎംഎഫ്ഐ എഞ്ചിനാണ് പുതിയ മോഡലിൽ ഉള്ളത്. കോൾമെസേജ് അലേർട്ടുകൾക്കും നാവിഗേഷനും വേണ്ടി ഹോണ്ട റോഡ്സിങ്ക് ആപ്പുമായി ബ്ലൂടൂത്ത് കണക്റ്റിവിറ്റിയോടെയുള്ള 4.2 ഇഞ്ച് ടിഎഫ് ടി ഡിസ്പ്ലേ:, യുഎസ്ബി ടൈപ്പ്സി ചാർജിംഗ് പോർട്ട് എന്നീ സജ്ജീകരണങ്ങളും ഇതിലുണ്ട്. പേൾ ഇഗ്നിയസ് ബ്ലാക്ക്, മാറ്റ് ആക്സിസ് ഗ്രേ മെറ്റാലിക്, പേൾ ഡീപ്പ് ഗ്രൗണ്ട് ഗ്രേ, പേൾ സൈറൻ ബ്ലൂ, റെബൽ റെഡ് മെറ്റാലിക്, പേൾ പ്രഷ്യസ് വൈറ്റ്, എന്നീ 6 നിറങ്ങളിൽ ഈ വാഹനം ലഭ്യമാണ്.

**തുടക്ക വില 94,422 രൂപ**



# പിഎൻബി സൈബർ സെക്യൂരിറ്റി ഹാക്കത്തോൺ ആരംഭിച്ചു

**ന്യൂഡൽഹി:** വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങളെ ചെറുക്കാനുള്ള ശ്രമത്തിൽ, രാജ്യത്തെ മുൻനിര പൊതുമേഖലാ ബാങ്കായ പഞ്ചാബ് നാഷണൽ ബാങ്ക് (പിഎൻബി) ആദ്യത്തെ സൈബർ സുരക്ഷാ ഹാക്കത്തോൺ 2024–25 'മാൽവെയറിനെതിരെയുള്ള കോഡ്' എന്ന പ്രമേയവുമായി ആരംഭിച്ചു.

punjab national bank ...the name you can BANK upon!

പിഎൻബി സൈബർ സെക്യൂരിറ്റി ഹാക്കത്തോൺ 202425 ധനമന്ത്രാലയത്തിന്റെ മാർഗനിർദേശത്തിന് കീഴിലാണ് നടക്കുന്നത്, ഇത് വാർഷിക ഹാക്കത്തോണുകൾ ഹോസ്റ്റ് ചെയ്യുന്നതിനുള്ള പൊതുമേഖലാ ബാങ്കുകൾക്ക് (പിഎസ്ബി) ധനകാര്യ സേവന വകുപ്പിന്റെ (ഡിഎഫ്എസ്) നിർദ്ദേശത്തിന് അനുസൃതമാണ്.

മാൽവെയറുകളുടെ വർദ്ധിച്ചുവരുന്ന ഭീഷണി നേരിടാനും രാജ്യത്തിന്റെ സൈബർ സുരക്ഷാ പ്രതിരോധം ശക്തിപ്പെടുത്താനും ഇന്ത്യയിലുടനീളമുള്ള ഇന്നൊവേറ്റേഴ്സ്, ഗവേഷകർ, അക്കാദമിക് വിദഗ്ധർ എന്നിവരെ ഒരുമിച്ച് കൊണ്ടുവരാൻ ഈ ഹാക്കത്തോൺ ലക്ഷ്യമിടുന്നു.

ഈ ഹാക്കത്തോണിന്റെ പ്രധാന ഫോക്കസ് മേഖലകളിൽ ഇന്റലിജൻസ് ഡ്രിവേർഡ് മാൽവെയർ കണ്ടെത്തലും നീക്കം ചെയ്യലും, തത്സമയ ഭീഷണി നിരീക്ഷണവും ലഘൂകരണവും, റാൻസംവെയർ റിസൈലൻസ് സൊല്യൂഷനുകളും, അടുത്ത തലമുറ ആന്റിവൈറസ് ടൂളുകളും ഉൾപ്പെടുന്നു.

പിഎൻബി സൈബർ സുരക്ഷ ഹാക്കത്തോൺ 202425, വിദ്യാർത്ഥികൾ, ഗവേഷകർ, അക്കാദമിക് സ്ഥാപനങ്ങൾ, ഗവേഷണ സ്ഥാപനങ്ങൾ, ടെക്നോളജി കമ്മ്യൂണിറ്റി എന്നിവയിൽ നിന്നുള്ള അക്കാദമിക് വിദഗ്ധർ എന്നിവർക്കായി വ്യക്തിഗതമായും ടീമായും ഓൺലൈൻ മോഡിൽ പ്രവർത്തിക്കുന്നു.

വിജയികൾക്ക് 11 ലക്ഷം രൂപ വരെ വിലമതിക്കുന്ന സമ്മാനങ്ങൾക്ക് പുറമേ, നിർണായകമായ സൈബർ സുരക്ഷാ വെല്ലുവിളികൾ പരിഹരിക്കാനും വിജയകരമായ പരിഹാരങ്ങൾ പിഎൻബിയുമായി വിന്യസിക്കാനും അവസരമുണ്ട്.

# റബർ: ആഭ്യന്തര ഉത്പാദനത്തിന്റെ ഇരട്ടിയോളം ഉപയോഗം

**കോട്ടയം:** ഇന്ത്യയിൽ റബർ വ്യവസായ ഉപയോഗം ഇക്കൊല്ലം ആഭ്യന്തര ഉത്പാദനത്തിൻറെ ഇരട്ടിയോളമെത്തും. നടപ്പു സാമ്പത്തിക വർഷം 14.5 ലക്ഷം ടൺ ഉപയോഗവും 8.75 ലക്ഷം ടൺ ഉത്പാദനവും എന്നതാണ് വിലയിരുത്തൽ.

അഞ്ചര ലക്ഷം ടണ്ണിൻറെ ഇറക്കുമതി പ്രതീക്ഷിക്കുന്നു. വ്യവസായികളും റബർ ബോർഡും കർഷകരോടു നീതി പുലർത്തിയാൽ നിലവിലെ സാഹചര്യത്തിൽ വില ഇക്കൊല്ലം ഉയർന്നു നിൽക്കേണ്ടതാണ്. കഴിഞ്ഞ ഓഗസ്റ്റ് ഒൻപതിന് കിലോയ്ക്ക് 247 രൂപ വരെ ഉയർന്ന ഷീറ്റ് വില പിന്നീട് താഴേക്ക് പതിച്ചു. ആ ആഴ്ച 250 രൂപയ്ക്കു മുകളിൽ വ്യാപാരം നടന്നിരുന്നു.



കഴിഞ്ഞ വർഷത്തേക്കാൾ വേനൽ താപം കൂടുന്നതിനാൽ കേരളത്തിൽ ഈ മാസം തന്നെ ടാപ്പിംഗ് നിലയ്ക്കുമെന്ന സാഹചര്യമാണ്. മുൻപ് ഫെബ്രുവരി പകുതി വരെ ടാപ്പിംഗ് നടന്നിരുന്നു.

കർഷകർക്കും വ്യാപാരികൾക്കും കാര്യമായ സ്റ്റോക്കില്ലാതിരിക്കെ റബറിന് വരുംമാസങ്ങളിൽ കടുത്ത ക്ഷാമം നേരിടാം. മാത്രവുമല്ല വിദേശത്ത് ഉത്പാദനം കുറഞ്ഞ് വില ഉയർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. നിലവിലെ ഉത്പാദനത്തോതും വിദേശവിലയും കണക്കാക്കിയാൽ ആഭ്യന്തര വില 225 രൂപയിലെത്തേണ്ടതാണ്.

ആഭ്യന്തര ഉത്പാദനം കഴിഞ്ഞ മുൻ വർഷത്തെക്കാൾ 2.1 ശതമാനവും ഉപയോഗം 4.9 ശതമാനവും കൂടുമെന്നാണ് റബർ ബോർഡിൻറെ വിലയിരുത്തൽ. ഇതര കൃഷികളേക്കാൾ കാലാവസ്ഥാ വ്യതിയാനം കടുത്ത പ്രത്യാഘാതമാണ് റബർ കൃഷിയിലുണ്ടാക്കുന്നത്. മഴ, വരൾച്ച വ്യതിയാനവും തൊഴിലാളി ക്ഷാമവും വിലയിലെ അസ്ഥിരയുമാണ് പ്രതിസന്ധി.

കേരളത്തിലെ 30 ശതമാനം തോട്ടങ്ങളിലും വർഷങ്ങളായി ടാപ്പിംഗ് മുടങ്ങിക്കിടക്കുന്നു. 20 ശതമാനം തോട്ടങ്ങളിൽ ടാപ്പിംഗ് നാലു മാസമായി പരിമിതപ്പെടുത്തിയിരിക്കുന്നു. കേരളത്തിൽ റബർ കൃഷി പരിമിതപ്പെടുമ്പോഴും വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽ കൃഷി വ്യാപനത്തിന് വേഗമേറുകയാണ്.

ദേശീയ ഉത്പാദനത്തിൽ 60 ശതമാനം മാത്രമായി കേരളം ചുരുങ്ങി. അതേസമയം ത്രിപുരയിൽ ഉൾപ്പെടെ കൃഷി വ്യാപനം അതിവേഗം മുന്നേറുകയാണ്. നിലവിൽ തൊണ്ണൂറായിരം ഹെക്ടറിൽ അവിടെ കൃഷിയും ഒരു ലക്ഷം ടണ്ണോളം ഉത്പാദനവുമുണ്ട്. സ്വാഭാവിക റബറിനു പുറമെ ഇന്ത്യയിൽ ഇക്കൊല്ലം 5.46 ടൺ കൃത്രിമ റബറിൻറെ ഉത്പാദനമുണ്ട്.

# കൊച്ചി മെട്രോ ടൈംടേബിൾ ഇനി വെയർ ഈസ് മൈ ട്രെയിൻ ആപ്പിലും

**കൊച്ചി:** കൊച്ചി മെട്രോയിൽ ദിനംപ്രതി യാത്രചെയ്യുന്നവരുടെ എണ്ണം വർധിച്ചതോടെ പ്ലാറ്റ്ഫോം നമ്പർ സഹിതമുള്ള വിശദമായ ടൈം ടേബിൾ ഗൂഗിൾ മാപ്പിലും വേർ ഈസ് മൈ ട്രെയിൻ ആപിലും ലഭ്യമാക്കി കെ.എം.ആർ.എൽ. യാത്രചെയ്യാനുദ്ദേശിക്കുന്ന സമയത്തെ ട്രെയിൻ ഏതു സ്റ്റേഷനിലെത്തിയെന്നും നിർദിഷ്ട സ്റ്റേഷനിൽ എപ്പോൾ എത്തുമെന്നുമൊക്കെയുള്ള ടൈംടേബിൾ പ്രകാരമുള്ള അപ്ഡേഷൻ വേർ ഈസ് മൈ ട്രയിൻ ആപിൽ ലഭ്യമാകും. ഗൂഗിൾ മാപ്പിലാകട്ടെ യാത്രക്കാർ നിൽക്കുന്ന സ്ഥലത്തു നിന്ന് സ്റ്റേഷനിലേക്കെത്താനുള്ള സമയം മുതൽ ടിക്കറ്റ് നിരക്ക് വരെ ലഭ്യമാകും.ടൈംടേബിളും അപ്ഡേഷനും ലഭ്യമാകാൻ വേർ ഈസ് മൈ ആപിന്റെ അപ്ഡേറ്റഡ് വേർഷൻ ഡൗൺലോഡ് ചെയ്യുക. ആപിന്റെ ഇടതുവശത്തെ മൂന്നു ലൈനിൽ ക്ലിക്ക് ചെയ്ത് അപ്ഡേറ്റ് ടൈംടേബിൾ നൽകുക. അതിനുശേഷം ചെയ്ഞ്ച് സിറ്റിയിൽ ക്ലിക്ക് ചെയ്ത് കൊച്ചി സെലക്ട് ചെയ്യുക. അപ്പോൾ പ്രധാന സ്ക്രീനിൽ എക്സ്പ്രസ്, മെട്രോ എന്നീ ഓപ്ഷനുകൾ ലഭ്യമാകും. ഇതിൽ മെട്രോ സെലക്ട് ചെയ്തശേഷം പുറപ്പെടേണ്ടതും എത്തിച്ചേരേണ്ടതുമായ സ്റ്റേഷനുകൾ സെലക്ട് ചെയ്യുക. അതിനുശേഷം ഫൈൻഡ് ട്രയിൻസിൽ ക്ലിക്ക് ചെയ്യുക. അപ്പോൾ ടൈംടേബിളിൽ ഏറ്റവും അടുത്ത ട്രയിനിന്റെ സമയവും പ്ലാറ്റ്ഫോമും ലഭ്യമാകും. ഇതിൽ ക്ലിക്ക് ചെയ്താൽ ടൈംടേബിൾ പ്രകാരമുള്ള ട്രയിനിന്റെ അപ്ഡേറ്റഡ് മൂവ്മെന്റ് കാണാം.



ഗൂഗിൾ മാപ്പിൽ മെട്രോ സ്റ്റേഷന്റെ പേര് നൽകിയശേഷം പബ്ലിക് ട്രാൻസ്പോർട്ട് മോഡ് ആക്ടിവേറ്റ് ചെയ്താൽ ആ സ്റ്റേഷനിൽ നിന്നുള്ള മെട്രോ റൂട്ട്, നിങ്ങൾ നിൽക്കുന്ന സ്ഥലത്ത് നിന്ന് മെട്രോ സ്റ്റേഷനിലേക്ക് എത്താനുള്ള ദൂരം, ആവശ്യമായ സമയം എന്നിവ അറിയാം. സ്റ്റേഷന്റെ പേരിൽ ക്ലിക്ക് ചെയ്താൽ ഉടനെ പുറപ്പെടുന്ന ട്രയിനും തുടർന്നുള്ള ഏതാനും ട്രെയിനുകളുടെ സമയവും എത്തിച്ചേരേണ്ട സ്റ്റേഷനിലേക്കുള്ള ടിക്കറ്റ് നിരക്കും ഓരോ സ്റ്റേഷനിലും ട്രെയിൻ എത്തുന്ന സമയവും അറിയാം.

2018 മുതൽ മെട്രോ സർവ്വീസ് സംബന്ധിച്ച ടൈം ടേബിൾ, ഷെഡ്യൂൾ, റൂട്ട്, ടിക്കറ്റ് നിരക്ക് വിവിധ ആപുകൾക്ക് ഉപയോഗിക്കാവുന്ന രീതിയിൽ ലഭ്യമാക്കിയ ആദ്യത്തെ മെട്രോയായിരുന്നു കൊച്ചി മെട്രോ.

## സമ്മിറ്റ് ഓഫ് ഫ്യൂച്ചർ 2025: പ്ലസ്ടു,കോളജ് വിദ്യാർത്ഥികൾക്കായി സ്പീക്ക് ഫോർ ഫ്യൂച്ചർ മത്സരം സംഘടിപ്പിക്കുന്നു

**കൊച്ചി:** ഭാവി ലോകത്തെക്കുറിച്ചുള്ള തങ്ങളുടെ കാഴ്ചപ്പാടുകൾ അവതരിപ്പിക്കാൻ വിദ്യാർത്ഥികൾക്ക് അവസരമൊരുക്കി കൊച്ചി ജെയിൻ യൂണിവേഴ്സിറ്റി ആതിഥേയത്വം വഹിക്കുന്ന സമ്മിറ്റ് ഓഫ് ഫ്യൂച്ചർ 2025. പ്ലസ്ടു,കോളജ് വിദ്യാർത്ഥികൾക്കായാണ് 'സ്പീക്ക് ഫോർ ഫ്യൂച്ചർ' മത്സരം സംഘടിപ്പിക്കുന്നത്.

മത്സരാർത്ഥികൾ 'ഭാവി എന്റെ കാഴ്ച്ചപ്പാടിൽ' എന്ന വിഷയത്തെ ആസ്പദമാക്കി മൂന്ന് മിനിറ്റ് ദൈർഘ്യമുള്ള പ്രഭാഷണം അവതരിപ്പിക്കണം. മികവ് പുലർത്തുന്നവർക്ക് ജനുവരി 25 മുതൽ ഫെബ്രുവരി ഒന്ന് വരെ നടക്കുന്ന ഉച്ചകോടിയിൽ പ്രസംഗിക്കാനുള്ള അതുല്യ അവസരം ലഭിക്കും.

ആഗോളതലത്തിൽ തങ്ങളുടെ ആശയങ്ങൾ പ്രചരിപ്പിക്കുവാനും വിദഗ്ദ്ധരുമായി സംവദിക്കാനുമുള്ള അവസരമാണ് ഇതിലൂടെ വിദ്യാർത്ഥികൾക്ക് ലഭിക്കുക. ലോകത്തിന്റെ സുസ്ഥിരവികസനം ലക്ഷ്യമാക്കി വിദ്യാർത്ഥികളുടെ നവീന ചിന്തകളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് മത്സരം നടത്തുന്നത്.

സുസ്ഥിരത,ഗവേഷണം, നവീകരണം, സംരംഭകത്വം എന്നിവയിൽ ശ്രദ്ധയൂന്നി ഏഴ് ദിവസങ്ങളിലായി നടക്കുന്ന സമ്മിറ്റിൽ വിവിധ രംഗങ്ങളിൽ നിന്നുള്ള നൂറിലധികം വിദഗ്ദ്ധർ സംസാരിക്കും. വിദ്യാർത്ഥികൾ, ലീഡർമാർ, വ്യവസായ പ്രമുഖർ, പ്രൊഫഷണൽസ് ഉൾപ്പെടെ ഒരു ലക്ഷത്തിലധികം പേർ പങ്കെടുക്കുന്ന ഉച്ചകോടിയിൽ 30ൽ അധികം പാനൽ ചർച്ചകളും ഉണ്ടാകും. കൂടാതെ, വ്യത്യസ്ഥ വിഷയങ്ങളെ അടിസ്ഥാനമാക്കി വിദഗ്ദ്ധർ നയിക്കുന്ന 25ൽ അധികം ശിൽപ്പശാലകളും മാസ്റ്റർ ക്ലാസുകളും നടക്കും.

കൂടാതെ, ടെക് എക്സ്പോ,സ്റ്റുഡന്റ് ബിനാലെ, ഫ്ലീ മാർക്കറ്റ്, രാജ്യാന്തര പ്രശസ്തരായ കലാകാരൻമാരും കലാകാരികളും പങ്കെടുക്കുന്ന കലാപരിപാടികൾ എന്നിവയും ഉച്ചകോടിയുടെ ഭാഗമായി സംഘടിപ്പിച്ചിട്ടുണ്ട്.

കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും 7034044141,7034044242. വെബ്സൈറ്റ് tthps://futuresummit.in/speak4future



കീർത്തിലാൽസിന്റെ പുതിയ ഷോപ്പ്ഇൻഷോപ്പ് കൊച്ചി എംജി റോഡിലെ ക്രെസിഡ സിഗ്നേച്ചർ ജ്വൽസിൽ ക്രെസിഡ സിഗ്നേച്ചർ ജ്വൽസ് ഡയറക്ടർ കാതറീൻ ആന്റോ, ആന്റോ ഡേവിസ്, മാനേജിംഗ് ഡയറക്ടർ ക്രിസ്റ്റി, ഗ്ലോ ബൈ കീർത്തിലാൽസ് ഹെഡ് സെയിൽസ് മുരുഗാനന്ദം എന്നിവർ ചേർന്ന് ഉദ്ഘാടനം ചെയ്യുന്നു.

## ഗ്ലോ ബൈ കീർത്തിലാൽസ് കൊച്ചിയിലെ ക്രെസിഡ സിഗ്നേച്ചർ ജ്വൽസിൽ എക്സ്ക്ലൂസീവ് ഷോപ്പ് ഇൻഷോപ്പ് തുറന്നു

**കൊച്ചി:** രാജ്യത്തെ പ്രമുഖ ആഡംബര ആഭരണ ബ്രാൻഡായ കീർത്തിലാൽസ്, കൊച്ചി എംജി റോഡിലെ ക്രെസിഡ സിഗ്നേച്ചർ ജ്വൽസിൽ ഗ്ലോ ബൈ കീർത്തിലാൽസ് എക്സ്ക്ലൂസീവ് ഷോപ്പ്ഇൻഷോപ്പ് തുറന്നു. ക്രെസിഡ സിഗ്നേച്ചർ ജ്വൽസ് ഡയറക്ടർ കാതറീൻ ആന്റോ, ആന്റോ ഡേവിസ്, മാനേജിംഗ് ഡയറക്ടർ ക്രിസ്റ്റി, ഗ്ലോ ബൈ കീർത്തിലാൽസ് ഹെഡ് സെയിൽസ് മുരുഗാനന്ദം എന്നിവർ ചേർന്ന് ഉദ്ഘാടനം ചെയ്തു. കേരളത്തിലെ ഉയർന്ന അഭിരുചിയുള്ള ഉപയോക്താക്കൾക്കിണങ്ങുന്ന സമകാലിക ഡയമണ്ട് ആഭരണങ്ങളുടെ വൻനിരയാണ് പുതിയ പങ്കാളിത്തത്തിലൂടെ ലഭ്യമാക്കുന്നതെന്ന് കീർത്തിലാൽസ് ഡയറക്ടർ സൂരജ് ശാന്തകുമാർ പറഞ്ഞു. മനോഹാരിതയ്ക്കും സൂക്ഷ്മ രൂപകൽപ്പനയ്ക്കും പേരു കേട്ട കീർത്തിലാൽസിന്റെ മോതിരങ്ങൾ, കമ്മലുകൾ, പെൻഡന്റുകൾ, ബ്രേസ്ലെറ്റുകൾ എന്നിവയുൾപ്പെടെ വൈവിധ്യമാർന്ന ആഭരണങ്ങളാണ് ഷോപ്പിലുള്ളത്. കൊച്ചിയിലെ ഈ പുതിയ ഷോപ്പിനു പുറമെ തൃശൂരിലെ അശ്വിനി ജംഗ്ഷൻ, ചെന്നൈയിലെ വിആർ മാൾ, ബെംഗളൂരുവിലെ എച്ച്എസ്ആർ ലേഔട്ട് എന്നിവിടങ്ങളിലും ഗ്ലോ ബൈ കീർത്തിലാൽസിന് ഔട്ട്ലെറ്റുകളുണ്ട്.

